www.facebook.com/samakalikajanapadham/

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2021 മെയ് 1 ₹ 12 പുസ്തകം 7 ലക്കം 10



# ചരിത്ര തുടർച്ച

# ജനഹൃദയങ്ങൾ വേദി



കേരളത്തിൽ ഭരണത്തുടർച്ചയുടെ പുതുചരിത്രമെഴുതി രണ്ടാം പിണറായി വിജയൻ സർക്കാർ മെയ് 20ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സെൻട്രൽ സ്റ്റേഡിയത്തിൽ സജ്ജമാക്കിയ പ്രൗഢമായ വേദിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. കോവിഡ് ലോക്ഡൗൺ മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചുകൊണ്ട് നടന്ന ചടങ്ങുകൾ സാമൂഹിക-ദൃശ്യമാധ്യമങ്ങളിലൂടെ ലോകമെമ്പാടുമുള്ള മലയാളികൾ ഏറ്റെടുത്തപ്പോൾ അക്ഷരാർഥത്തിൽ ജനഹൃദയങ്ങൾ സത്യപ്രതിജ്ഞാ വേദിയായി മാറി. 21 അംഗ മന്ത്രിസഭയിൽ 17 പേരും പുതുമുഖങ്ങളാണ്. എന്നാൽ പൊതുപ്രവർത്തനരംഗത്ത് വിവിധ ജനകീയ സമരമുഖങ്ങളിലടക്കം നിറസാന്നിദ്ധ്യമായിരുന്ന കരുത്തുറ്റ അനുഭവസമ്പത്തിന്റെ ഉടമകളാണ് മന്ത്രിസഭാംഗങ്ങളെല്ലാവരും. ജനപ്രതിനിധികളെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ  മുതൽ പാർലമെന്റിലും ലോകവേദികളിലും വരെ മുഴങ്ങിക്കേട്ട ശബ്ദത്തിന്റെ ഉടമകളാണ് മഹാമാരിക്കാലത്ത് കേരളത്തെ നയിക്കുവാൻ ഈ മന്ത്രിസഭയിൽ ഒരുമിക്കുന്നത്.

സമകാലിക
ജനപഥം
2021 മെയ് 1
പുസ്തകം 7 ലക്കം 10

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ ചീഫ് എഡിറ്റർ
**കെ. സന്തോഷ് കുമാർ**
ഡപ്യൂട്ടി ചീഫ് എഡിറ്റർ
**കെ.പി. സരിത**
എഡിറ്റർ
**നാഫിഹ് എം.**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ.റ്റി.എസ്**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത.വി.എസ്**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

May 1, 2021, Volume 7, Issue 10
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം–695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

# ഇനിയും മുന്നോട്ട്

കേരള ചരിത്രത്തിൽ അവിസ്മരണീയമായ അധ്യായമാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലെ രണ്ടാം മന്ത്രിസഭയുടെ സത്യപ്രതിജ്ഞ. 2021 മേയ് 20ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ മുമ്പാകെ 21 അംഗ മന്ത്രിസഭ അധികാരമേറ്റപ്പോൾ അഞ്ചു വർഷം കൂടുമ്പോൾ അധികാരമാറ്റം എന്ന പതിവ് തിരുത്തിയെഴുതപ്പെട്ടു. കേരളത്തിന്റെ രാഷ്ട്രീയ സാക്ഷരതയുടെയും പ്രബുദ്ധതയുടെയും പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഈ ഭരണത്തുടർച്ച അവിശ്വസനീയമോ പ്രവചനാതീതമോ അല്ലായിരുന്നു. മഹാപ്രളയത്തിലും മഹാമാരിയിലും പതറാതെ മുന്നേറിയ സർക്കാരിന്റെ സ്വാഭാവികവും അർഹവുമായ തുടർ പ്രയാണം തന്നെയാണിത്. വീണ്ടുമൊരു ജനവിധിയുടെ കരുത്തിൽ വർധിതവീര്യത്തോടെയുള്ള ആ മുന്നേറ്റം കേരളത്തിന് കൂടുതൽ സ്വപ്നങ്ങളും പ്രതീക്ഷകളും നൽകുന്നു. 50 ഇന പ്രധാന പരിപാടികളും അനുബന്ധമായി 900 വാഗ്ദാനങ്ങളും മുന്നോട്ടു വച്ചുകൊണ്ടുള്ള ആദ്യ മന്ത്രിസഭാ യോഗ തീരുമാനം അതിന്റെ വ്യക്തമായ വിളംബരമാണ്.

തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും പ്രകടനപത്രികയും തെരഞ്ഞെടുപ്പ് കാലത്തെ ഒച്ചപ്പാടുകളിൽ ഒതുങ്ങുന്നവയല്ലെന്ന് തെളിയിച്ചുകൊണ്ട് ഓരോ വർഷവും അവയുടെ നടപടി പൂർത്തീകരണത്തിന്റെ പ്രോഗസ്സ് റിപ്പോർട്ട് പുറത്തിറക്കിയാണ് ഒന്നാം പിണറായി വിജയൻ സർക്കാർ മാതൃക തീർത്തത്. അതുകൊണ്ടു തന്നെ രണ്ടാം മന്ത്രിസഭ പ്രഖ്യാപിച്ചിരിക്കുന്ന നടപടികളും കൃത്യമായ സാമൂഹിക ഓഡിറ്റിങ്ങിന് സമർപ്പിക്കുകയും സമയബന്ധിതമായി പൂർത്തിയാവുകയും ചെയ്യുമെന്ന കാര്യത്തിൽ ആർക്കും സംശയത്തിന് ഇടയില്ല. വികസനത്തിലും ക്ഷേമ പ്രവർത്തനങ്ങളിലും മാത്രമല്ല മണ്ണിനെയും പരിസ്ഥിതിയെയും പോലും പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ എല്ലാ നന്മകളെയും വിണ്ടെടുക്കാനുള്ള ശക്തമായ മുന്നേറ്റത്തിനാണ് കേരളം കഴിഞ്ഞ അഞ്ചു വർഷവും സാക്ഷ്യം വഹിച്ചത്. അവയിൽ ഊന്നി നിന്നുകൊണ്ട് അടുത്ത അഞ്ചു വർഷത്തേക്കുള്ള ഹ്രസ്വകാല ലക്ഷ്യങ്ങൾക്കൊപ്പം അടുത്ത കാൽനൂറ്റാണ്ടിനുള്ളിൽ വിവിധ മേഖലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ദീർഘകാല ലക്ഷ്യങ്ങളും വ്യക്തമായി നിർവചിച്ചുകൊണ്ടാണ് പുതിയ മന്ത്രിസഭ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നത്. സർക്കാരിന്റെ ഇഛാശക്തിയും ജനങ്ങളുടെ സഹകരണവുമാണ് കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ. വിജയകരമായ ആ സമവാക്യം സംസ്ഥാന വികസനത്തിൽ ഇനിയും അത്ഭുതങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. മഹാമാരിക്കാലത്ത് കേരളത്തെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന് എല്ലാ ആശംസകളും നേരുന്നു.

പുതിയ മന്ത്രിസഭാ അംഗങ്ങളുടെ വകുപ്പും ഔദ്യോഗിക വിവരങ്ങളും വായനക്കാർക്ക് സൂക്ഷിക്കാൻ സാധിക്കുംവിധം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകത്തെമ്പാടും നിന്ന് മന്ത്രിസഭയെ തേടിയെത്തിയ ആശംസകളിൽ ചിലതും നയപ്രഖ്യാപനത്തിന്റെ സംക്ഷിപ്തവും ആദ്യ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനങ്ങളും കേരള രാഷ്ട്രീയത്തിൽ എക്കാലവും നിറഞ്ഞുനിൽക്കുന്ന ഗൗരിയമ്മയെ കുറിച്ചുള്ള ശ്രീ.എ.സമ്പത്തിന്റെ അനുസ്മരണവും വായിക്കാം.

**എസ്. ഹരികിഷോർ ഐ.എ.എസ്**
ചീഫ് എഡിറ്റർ



ജനപഥം മെയ് 2021

# ഉള്ളടക്കം




ചിത്രങ്ങൾ

ഐ.പി.ആർ.ഡി. ഫോട്ടോഗ്രാഫി വിഭാഗം


06 ഇരുപത്തിമൂന്നാമത് കേരള മന്ത്രിസഭ

19 നവകേരളത്തിനായ് നയപ്രഖ്യാപനം വളർച്ചയുടെ ഗുണഫലം എല്ലാവർക്കും

21 മികവുറ്റ ലക്ഷ്യങ്ങൾ സമഗ്ര പദ്ധതികൾ

26 ആശംസകൾ... ഹൃദയാഭിവാദ്യങ്ങൾ

50 തെരഞ്ഞെടുപ്പ് 2021 ദിശ മാറുന്ന കേരള രാഷ്ട്രീയം






ഡോ.ജെ.പ്രഭാഷ്




53 **ജീവിതം വിമോചന പോരാട്ടമാക്കിയ ധീരനായിക**
പിണറായി വിജയൻ





55 **ഗൗരിയമ്മയെന്ന യുഗവനിത**
ഡോ.എ.സമ്പത്ത്


## കത്തുകൾ

2021 ഏപ്രിൽ ലക്കം ജനപഥത്തിൽ പ്രസിദ്ധീകരിച്ച മലയിൻകീഴ് ഗോപാലകൃഷ്ണൻ എഴുതിയ ഐക്യകേരളത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രം ശ്രദ്ധേയമായി. ആദ്യകാല തെരഞ്ഞെടുപ്പുകളുടെ പ്രത്യേകതയും പ്രചാരണവും ചിത്രങ്ങളും എല്ലാം പുതുതലമുറയ്ക്ക് അറിയാൻ ഇത് ഉപകരിച്ചു. ജനപഥത്തിന് അഭിനന്ദനങ്ങൾ.

**അഭിലാഷ്**
വർക്കല

കഴിഞ്ഞ ലക്കം ജനപഥത്തിൽ വിഷുവിനെക്കുറിച്ച് പ്രശസ്ത കവി മധുസൂദനൻ നായർ എഴുതിയ ലേഖനം ഹൃദ്യമായി. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ദീപ**
തിരുവല്ല





# ഇരുപത്തിമൂന്നാമത് കേരള മന്ത്രിസഭ

## പിണറായി വിജയൻ

**മുഖ്യമന്ത്രി**
(മണ്ഡലം -ധർമ്മടം)

**ഔദ്യോഗിക മേൽവിലാസം**
റൂം നമ്പർ 141, മൂന്നാം നില
നോർത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**
ക്ലിഫ് ഹൗസ്, നന്തൻകോട്,
തിരുവനന്തപുരം

**ഫോൺ**
0471 2333241, 9447565656

**ഔദ്യോഗിക വാഹനം**
കേരളാ സ്റ്റേറ്റ് നമ്പർ 1

**വകുപ്പുകൾ**

- പൊതുഭരണം
- അഖിലേന്ത്യാ സർവീസ്
- ആഭ്യന്തരം
- വിജിലൻസ്
- ആസൂത്രണം, സാമ്പത്തികകാര്യം
- ശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി
- മലിനീകരണ നിയന്ത്രണം
- ശാസ്ത്രസ്ഥാപനങ്ങൾ
- ഉദ്യോഗസ്ഥ ഭരണപരിഷ്കാരം
- തെരഞ്ഞെടുപ്പ്
- വിവര സാങ്കേതിക വിദ്യ
- സൈനികക്ഷേമം
- ദുരിതാശ്വാസം
- വിമാനത്താവളങ്ങൾ
- മെട്രോറെയിൽ
- അന്തർ സംസ്ഥാന നദീജലം
- ഉൾനാടൻ ജലഗതാഗതം
- ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ
- ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ്
- പ്രവാസികേരളീയ കാര്യം
- സിവിൽ ക്രിമിനൽ നീതിന്യായനടത്തിപ്പ്
- അഗ്നിശമന രക്ഷാസേവനങ്ങൾ
- ജയിൽ
- അച്ചടി, സ്റ്റേഷനറി
- ന്യൂനപക്ഷ ക്ഷേമം
- മറ്റെവിടെയും പരാമർശിക്കപ്പെടാത്ത-വിഷയങ്ങൾ

1945 മെയ് 24 ന് മുണ്ടയിൽ കോരന്റേയും കല്ല്യാണിയുടെയും ഇളയ മകനായി ജനനം. ശാരദാവിലാസം ലോവർ പ്രൈമറി സ്കൂൾ, പെരളശ്ശേരി ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഒരു വർഷത്തോളം നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടു. പിന്നീട് തലശ്ശേരി ബ്രണ്ണൻ കോളേജിൽ പ്രീഡിഗ്രിക്കു ചേർന്നു. തുടർന്ന് 1964ൽ അതേ കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദപഠനം പൂർത്തിയാക്കി.

കേരള സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെ വിദ്യാർഥി രാഷ്ട്രീയത്തിൽ സജീവമായ പിണറായി വിജയൻ കെ. എസ്. എഫിന്റെയും കെ. എസ്. വൈ. എഫിന്റെയും (കേരള സ്റ്റേറ്റ് യൂത്ത് ഫെഡറേഷൻ) സംസ്ഥാന അധ്യക്ഷനായും പ്രവർത്തിച്ചു. 1964ൽ സിപിഐ(എം) അംഗമായി. 1968ൽ കണ്ണൂർ ജില്ലാകമ്മിറ്റിയിലേക്കും 1972ൽ ജില്ലാ സെക്രട്ടേറിയറ്റിലേക്കും 1978ൽ സംസ്ഥാന കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1986ൽ കണ്ണൂർ ജില്ലാ സെക്രട്ടറിയായി. 1988 മുതൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായി പ്രവർത്തിച്ചു വന്ന അദ്ദേഹം 1998ൽ സംസ്ഥാന സെക്രട്ടറിയായി സ്ഥാനമേറ്റു. 1983–1992 കാലഘട്ടത്തിൽ കണ്ണൂർ ജില്ലാസഹകരണ ബാങ്കിന്റെ പ്രസിഡന്റായി. 2002ൽ സി പി എം പോളിറ്റ് ബ്യൂറോ അംഗമായി. നിരവധി വിദ്യാർഥി സമരങ്ങൾ മുൻനിരയിൽ നിന്ന് നയിച്ച പിണറായി വിജയൻ 1971ലെ തലശ്ശേരി കലാപകാലത്ത് പ്രദേശത്ത് മതസൗഹാർദം ഉറപ്പു വരുത്തുന്നതിനു എം എൽ എ എന്ന നിലയിൽ നിർണ്ണായക പങ്കു വഹിച്ചു. അടിയന്തരാവസ്ഥ കാലത്ത് പൊലീസിന്റെ ക്രൂരമായ പീഡനങ്ങൾക്കു വിധേയനായ അദ്ദേഹം ജയിൽ മോചിതനായ ശേഷം നിയമസഭയിൽ നടത്തിയ പ്രസംഗം ഇന്നും സഭാചരിത്രത്തിൽ കറുത്ത അധ്യായമായാണ് വിലയിരുത്തപ്പെടുന്നത്.

1970ൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലെ തായത്ത് രാഘവനെ പരാജയപ്പെടുത്തി കൂത്തുപറമ്പ് മണ്ഡലത്തിൽ നിന്ന് ആദ്യമായി നിയമസഭയിലെത്തി. ദേശീയ അടിയന്തരാവസ്ഥക്കു ശേഷം 1977ൽ നടന്ന തെരഞ്ഞെടുപ്പിലും വിജയം ആവർത്തിച്ചു. 1991ൽ കൂത്തുപറമ്പിൽ നിന്നും ഹാട്രിക് വിജയം നേടിയ അദ്ദേഹം 1996ൽ പയ്യന്നൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് നിയമസഭയിൽ എത്തിയത്. 1996ലെ നായനാർ മന്ത്രിസഭയിൽ വൈദ്യുതി-സഹകരണ വകുപ്പു മന്ത്രിയായും പ്രവർത്തിച്ചു. വൈദ്യുതോത്പാദന വിതരണരംഗങ്ങളിൽ സംസ്ഥാനം സമാനതകളില്ലാത്ത നേട്ടമാണ് ഇക്കാലത്ത് കൈവരിച്ചത്. ഭരണപരമായ നൈപുണ്യവും, അടിസ്ഥാന രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നു നേടിയ പരിചയസമ്പത്തും, സഹകരണമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ അദ്ദേഹത്തെ സഹായിച്ചു. RUBCOയുടെ രൂപീകരണത്തിനു പിന്നിലെ ചാലകശക്തിയായി പ്രവർത്തിച്ച അദ്ദേഹം 2016ൽ ധർമ്മടം മണ്ഡലത്തിൽ നിന്നുമാണ് നിയമസഭയിൽ എത്തിയത്. തുടർന്ന് കേരളത്തിന്റെ പന്ത്രണ്ടാമത് മുഖ്യമന്ത്രിയായി.

പ്രളയം, നിപ, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം നിശ്ചയദാർഢ്യത്തോടെ കേരളത്തെ നയിച്ച പിണറായി വിജയൻ സംസ്ഥാനത്തിന്റെ വികസനവും സാമൂഹ്യക്ഷേമവും ഉറപ്പു വരുത്തുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി. പൊതുസമൂഹത്തിന്റെ പിന്തുണയും ലോകത്തിന്റെ പ്രശംസയും ആർജ്ജിച്ച അദ്ദേഹത്തിന്റെ നേതൃത്വം 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മികച്ച വിജയം കൈവരിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഭരണകാലയളവ് പൂർത്തിയാക്കി തുടർഭരണം നേടി.



## അഡ്വ. കെ. രാജൻ
**(മണ്ഡലം- ഒല്ലൂർ)**
റവന്യൂ, ഭവനനിർമാണ വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ 140
രണ്ടാം നില, നോർത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
ഗ്രേയ്സ്, കന്റോൺമെന്റ് ഹൗസിന് സമീപം, പാളയം

### ഫോൺ
0471 2518187, 2333670

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 2

## റോഷി അഗസ്റ്റിൻ
**(മണ്ഡലം- ഇടുക്കി)**
ജലവിഭവ വകുപ്പ് മന്ത്രി



### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ :129
ഒന്നാം നില, നോർത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
പ്രശാന്ത്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്

### ഫോൺ
0471 2518517, 2518287

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 3



## കെ. കൃഷ്ണൻകുട്ടി
**(മണ്ഡലം- ചിറ്റൂർ)**
വൈദ്യുതി വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ 208
രണ്ടാം നില, നോർത്ത് സാൻഡ് വിച്ച് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
പെരിയാർ, ക്ലിഫ് ഹൗസ്, നന്തൻകോട്

### ഫോൺ
0471 2327561, 2321228

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 4



## എ.കെ. ശശീന്ദ്രൻ
**(മണ്ഡലം- എലത്തൂർ)**
വനം, വന്യജീവി വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ 358
ഒന്നാം നില, മെയിൻ ബ്ലോക്ക്
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
കാവേരി, കന്റോൺമെന്റ് ഹൗസിന് സമീപം,
പാളയം

### ഫോൺ
0471 2518178, 2333294, 2333176

### ഔദ്യോഗിക വാഹനം:
കേരള സ്റ്റേറ്റ് നമ്പർ 5



## അഹമ്മദ് ദേവർകോവിൽ
**(മണ്ഡലം-കോഴിക്കോട് സൗത്ത്)**

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ : 603
ആറാം നില, അനക്സ് 1
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

തൈക്കാട് ഹൗസ്, വഴുതക്കാട്

**ഫോൺ**

0471 2327135, 2518221

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 6

## അഡ്വ. ആന്റണി രാജു
**(മണ്ഡലം- തിരുവനന്തപുരം)**

ഗതാഗത വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ : S301 (പഴയ 647)
മൂന്നാം നില, സൗത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

മൻമോഹൻ ബംഗ്ലാവ്
വെള്ളയമ്പലം

**ഫോൺ**

0471 2327135, 2328162, 2328221

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 7





## വി. അബ്ദുറഹ്മാൻ
**(മണ്ഡലം- താനൂർ)**
കായികം, വഖഫ്, ഹജ്ജ്,
പോസ്റ്റ്, ടെലിഗ്രാം വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**
റൂം നമ്പർ : SS 306 ( പഴയ 532)
മൂന്നാം നില, സൗത്ത് സാൻഡ് വിച്ച് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഫോൺ**
0471 2333526

**ഔദ്യോഗിക വാഹനം:**
കേരള സ്റ്റേറ്റ് നമ്പർ 21

## അഡ്വ. ജി. ആർ. അനിൽ
**(മണ്ഡലം- നെടുമങ്ങാട്)**
ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**
റൂം നമ്പർ : S 210 (പഴയ 644)
രണ്ടാം നില, സൗത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**
അജന്ത, രാജ്ഭവന് എതിർവശം, വെള്ളയമ്പലം

**ഫോൺ**
0471 2333371

**ഔദ്യോഗിക വാഹനം**
കേരള സ്റ്റേറ്റ് നമ്പർ 19





## കെ. എൻ. ബാലഗോപാൽ
**(മണ്ഡലം- കൊട്ടാരക്കര)**
ധനകാര്യവകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**
റൂം നമ്പർ :131
രണ്ടാം നില, നോർത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**
പൗർണമി, ക്ലിഫ് ഹൗസ്, നന്തൻകോട്

**ഫോൺ**
0471 2333294

**ഔദ്യോഗിക വാഹനം**
കേരള സ്റ്റേറ്റ് നമ്പർ 10

## പ്രൊഫ. ആർ ബിന്ദു
**(മണ്ഡലം- ഇരിങ്ങാലക്കുട)**
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**
റൂം നമ്പർ :301
മൂന്നാം നില, അനക്സ് 2
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**
സാനടു, വഴുതക്കാട്

**ഫോൺ**
0471 2518265

**ഔദ്യോഗിക വാഹനം**
കേരള സ്റ്റേറ്റ് നമ്പർ 18





## ജെ. ചിഞ്ചുറാണി
**( മണ്ഡലം-ചടയമംഗലം )**

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ : 501
അഞ്ചാം നില, അനക്സ് 2
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
അശോക, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്.

### ഫോൺ
0471 2517232

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 14



## എം.വി. ഗോവിന്ദൻ മാസ്റ്റർ
**(മണ്ഡലം- തളിപ്പറമ്പ്)**

തദ്ദേശ സ്വയംഭരണം, എക്സൈസ്, ഗ്രാമവികസന വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ :501 C
അഞ്ചാം നില, അനക്സ് 1
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
നെസ്റ്റ്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്

### ഫോൺ
0471 2332700, 2333059

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 9



## അഡ്വ. പി. എ. മുഹമ്മദ് റിയാസ്
### ( മണ്ഡലം-ബേപ്പൂർ )

പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ 601
ആറാം നില, അനക്സ് 2
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

പമ്പ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്

**ഫോൺ**

0471 2333160, 2335866

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 17

## പി. പ്രസാദ്
### (മണ്ഡലം- ചേർത്തല)

കൃഷി വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ :101
ഒന്നാം നില, അനക്സ് 2
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

ലിൻദേർസ്റ്റ്, ദേവസ്വം ബോർഡ് ജംഗ്ഷൻ, നന്ദൻകോട്

**ഫോൺ**

0471 2333091, 2335057

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 13





## കെ. രാധാകൃഷ്ണൻ
**( മണ്ഡലം-ചേലക്കര )**

ദേവസ്വം, പട്ടികജാതി പട്ടികവർഗ, പിന്നാക്ക സമുദായ വികസനം, പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ 118
ഒന്നാം നില, നോർത്ത് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

എസ്സെണ്ടൻ, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്

**ഫോൺ**

0471 2518594

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 15

## പി. രാജീവ്
**(മണ്ഡലം-കളമശ്ശേരി)**

വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

**ഔദ്യോഗിക മേൽവിലാസം**

റൂം നമ്പർ :216
മൂന്നാം നില, നോർത്ത് സാൻഡ് വിച്ച് ബ്ലോക്ക്
സെക്രട്ടേറിയറ്റ്

**ഔദ്യോഗിക വസതി**

ഉഷസ്, നന്തൻകോട്

**ഫോൺ**

0471 2517346

**ഔദ്യോഗിക വാഹനം**

കേരള സ്റ്റേറ്റ് നമ്പർ 11





## സജി ചെറിയാൻ
**(മണ്ഡലം- ചെങ്ങന്നൂർ)**

സാംസ്കാരികം, മത്സ്യബന്ധനം, യുവജനകാര്യ വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ : 401
നാലാം നില, അനക്സ് 1
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
കവടിയാർ ഹൗസ്, വെള്ളയമ്പലം

### ഫോൺ
0471 2518333

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 8

## വി. ശിവൻ കുട്ടി
**(മണ്ഡലം-നേമം)**

പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ :201
രണ്ടാം നില, അനക്സ് 2
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
റോസ് ഹൗസ്, വഴുതക്കാട്

### ഫോൺ
0471 2517048

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 16





## വി. എൻ. വാസവൻ
(മണ്ഡലം-ഏറ്റുമാനൂർ)
സഹകരണ വകുപ്പ് മന്ത്രി

### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ :397
ഒന്നാം നില, മെയിൻ ബ്ലോക്ക്
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
ഗംഗ, കന്റോൺമെന്റ് ഹൗസ് കോമ്പൗണ്ട്, പാളയം

### ഫോൺ
0471 2518752, 2333833, 2331685, 2332344

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 12

## വീണാ ജോർജ്
(മണ്ഡലം- ആറന്മുള)
ആരോഗ്യം, കുടുംബക്ഷേമം, വനിത ശിശുക്ഷേമ വകുപ്പ് മന്ത്രി



### ഔദ്യോഗിക മേൽവിലാസം
റൂം നമ്പർ :701
ഏഴാം നില അനക്സ് 2
സെക്രട്ടേറിയറ്റ്

### ഔദ്യോഗിക വസതി
നിള, കന്റോൺമെന്റ് ഹൗസിന് സമീപം, പാളയം

### ഫോൺ
0471 2327876, 2327976

### ഔദ്യോഗിക വാഹനം
കേരള സ്റ്റേറ്റ് നമ്പർ 20



## എം.ബി. രാജേഷ്
നിയമസഭാ സ്പീക്കർ
( മണ്ഡലം- തൃത്താല )

1971 മാർച്ച് 12 ന് പഞ്ചാബിലെ ജലന്ധറിൽ ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിക്കുകയായിരുന്ന ബാലകൃഷ്ണൻ നായരുടെയും എം. കെ. രമണി യുടെയും മകനായി ജനനം. പാലക്കാട് ജില്ലയിലെ ഷൊർണൂർ ചളവറ സ്വദേശിയായ അദ്ദേഹം കേരള സർവകലാശാലയിൽ നിന്ന് നിയമത്തിൽ ബിരുദവും ഒറ്റപ്പാലം എൻഎസ്എസ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ എംഎയും നേടി. തുടർന്ന് അഭിഭാഷകനായും പത്രപ്രവർത്തകനായും സേവനമനുഷ്ഠിച്ചു. മലയാള പ്രതിമാസ വാരിക യുവധാരയുടെ ചീഫ് എഡിറ്ററായിരുന്നു.

2009 മുതൽ തുടർച്ചയായി രണ്ട് തവണ പാലക്കാടിനെ പ്രതിനിധീകരിച്ച് ലോക്സഭാംഗമായ എം.ബി. രാജേഷ് വിവിധ വിഷയങ്ങളിലായി 500 ലധികം ചോദ്യങ്ങൾ പാർലമെന്റ് അംഗമെന്ന നിലയിൽ ഉന്നയിച്ചു. ഇക്കാലയളവിൽ 130 ലധികം സംവാദങ്ങളിലും പങ്കെടുത്തിട്ടുണ്ട്. സാമ്പത്തിക നയങ്ങൾ, പരിസ്ഥിതി, ഇന്ധന വില തുടങ്ങിയ വിഷയങ്ങളിൽ രാജ്യശ്രദ്ധ ആകർഷിക്കും വിധം ശ്രദ്ധേയമായ പ്രതികരണങ്ങൾ നടത്തിയ അദ്ദേഹം പാർലമെന്റിന്റെ ഊർജ്ജ സ്റ്റാൻഡിങ് കമ്മിറ്റി അംഗം, പിന്നാക്ക വിഭാഗ ക്ഷേമ സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആർ. നിനിതയാണ് ഭാര്യ.

### ഔദ്യോഗിക വിലാസം
റൂം നമ്പർ 515. ഒന്നാം നില,
നിയമസഭാ മന്ദിരം

### ഔദ്യോഗിക വസതി
നീതി, നിയമസഭാ കോംപ്ലെക്സ്,
വികാസ്ഭവൻ

### ഫോൺ
0471 2305830, 2308890, 2513007

### മൊബൈൽ
09446343499



നയപ്രഖ്യാപനം



പതിനഞ്ചാം കേരളനിയമ സഭയുടെ പ്രഥമ സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ

# നവകേരളത്തിനായ് നയപ്രഖ്യാപനം

## വളർച്ചയുടെ ഗുണഫലം എല്ലാവർക്കും

ജനാധിപത്യത്തിലും മതനിരപേക്ഷതയിലും ജനങ്ങളുടെ ക്ഷേമത്തിലും അചഞ്ചലമായ വിശ്വാസമുള്ള ഒരു സർക്കാരിന്റെ ഭരണത്തുടർച്ചയാണിത്. അതുകൊണ്ടുതന്നെ നാനാത്വത്തിൽ ഏകത്വം എന്ന സാരാംശം ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭാഷാപരവും മതപരവും പ്രത്യയശാസ്ത്രപരവുമായ വ്യത്യസ്തതകളുണ്ടെങ്കിലും ഐക്യമെന്ന അടിസ്ഥാനഘടകമാണ് നമ്മുടെ ശക്തി. ഈ ഐക്യത്തെ ശക്തിപ്പെടുത്തുവാൻ ലിംഗം, സാമൂഹ്യസാമ്പത്തിക സ്ഥിതി, ശാരീരിക അവശതകൾ എന്നിവ അടിസ്ഥാനമാക്കിയുള്ള അസമത്വങ്ങൾ ഇല്ലാതാക്കുവാൻ നാം പ്രയത്നിക്കേണ്ടതുണ്ട് .

ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കാലത്തെ ക്ഷേമ- വികസന പരിപാടികൾ തുടരുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പുരോഗതി ഉറപ്പാക്കാനും സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും മുന്നേറാനും ഈ സർക്കാർ ലക്ഷ്യമിടുന്നു. സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ ലഭിക്കാതെ വരുന്ന ഒരാൾ പോലും നമ്മുടെ സമൂഹത്തിൽ ഉണ്ടാകരുത്. ദുർബല വിഭാഗങ്ങളുടെ പാർശ്വവത്ക്കരണം ഡിജിറ്റൽ മേഖലയിൽ പോലും കടന്നുവരാനും പാടില്ല. ഈ ലക്ഷ്യം മുൻനിറുത്തി തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ യാഥാർഥ്യമാക്കാനായിരിക്കും ഈ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. എന്തെന്നാൽ, ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിരന്തരം നിറവേറ്റാനുള്ളതാണെന്നാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്.

മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള വെല്ലുവിളികളിലൂടെയാണ് നാം കടന്നു പോകുന്നത്. ഈ ഘട്ടത്തിൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് കരുതൽ നൽകുന്നതിന് സർക്കാർ കഴിവിന്റെ പരമാവധി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. കരുതൽ ലഭിക്കുക എന്നത് ഓരോരുത്തരുടെയും അവകാശമാണെന്നും അതൊരു സഹായമോ പ്രത്യേക പരിഗണനയോ അല്ലെന്നുമുള്ള മനോഭാവം ഇതിനകം പരിപോഷിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്. സമഗ്ര കോവിഡ്-19 റിലീഫ് പാക്കേജിനെയും ക്ഷേമ പെൻഷനുകൾ മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനെയും 90 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് നൽകുന്നതിനെയുമൊക്കെ ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്താൻ. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മഹാമാരിയെ നേരിടുന്നതിനും സംസ്ഥാനത്തെ സജ്ജമാക്കാൻ കഴിഞ്ഞ സർക്കാർ ആയിരം കോടിയുടെ ഒരു സമഗ്ര ആരോഗ്യ പാക്കേജിനാണ് രൂപം നൽകിയത്. അതിന്റെ ഗുണഫലം ജനങ്ങൾക്കു അനുഭവവേദ്യമാകുകയാണ്.

സാമ്പത്തിക പരിമിതികൾക്കിടയിലും മൂന്നുകോടി ഡോസ് കോവിഡ്-19 വാക്സിനുകൾ വാങ്ങുന്നതിന് സർക്കാർ ആഗോള ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. ഒരു കോടി ഡോസുകൾക്കായി ആഭ്യന്തര നിർമാതാക്കൾക്ക് ഓർഡറും നൽകി. തികച്ചും സൗജന്യമായാണ് എല്ലാവർക്കും ഇവിടെ പ്രതിരോധ വാക്സിൻ നൽകുന്നത്. സർക്കാർ ആശുപത്രികളിൽ കോവിഡ് ചികിത്സയും സൗജന്യമാണ്. ഇത്തരം നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ നാം ഒന്നാം സ്ഥാനവുമായി മുന്നേറുന്നത്. ഈ നേട്ടങ്ങൾ തുടരാൻ സദ്ഫലങ്ങളെ ശക്തിപ്പെടുത്തിയും സമാഹരിച്ചും സൃഷ്ടിക്കുന്ന അടിത്തറയിൽ പുതിയ കാലം ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു നവകേരളത്തെ കെട്ടിപ്പടുക്കുക എന്നതാവും ഈ സർക്കാരിന്റെ നയം.

## എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യം

എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമായി നൽകും, പൊതുജനാരോഗ്യത്തെ സംബന്ധിച്ച് ബോധവത്ക്കരണം സൃഷ്ടിക്കുന്നതിനും അത് മെച്ചപ്പെടുത്തുന്നതിനും ന്യൂട്രീഷൻ ഗാർഡൻ സ്ഥാപിക്കും. 20 ലക്ഷം പേർക്ക് പുതുതായി തൊഴിൽ ഉറപ്പാക്കും, യുവസംരംഭകർക്കായി 25 സഹകരണ സംഘം ആരംഭിക്കും. കലാകാരന്മാർക്കായി സഹകരണ സംഘം രൂപീകരിക്കും.

അർഹരായ എല്ലാവർക്കും പട്ടയം നൽകും, കെഎസ് ആർടിസിയിൽ റീ സ്ട്രക്ചർ നടപ്പാക്കും, കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി യാഥാർഥ്യമാക്കും.

സംസ്ഥാനത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കും, ഡിജിറ്റൽ സമ്പദ്വ്യവസ്ഥയ്ക്കും ഉന്നതവിദ്യാഭ്യാസത്തിനും ഊന്നൽ നൽകും. കെ ഫോൺ പദ്ധതി പൂർത്തീകരിക്കും, ദരിദ്രവിഭാഗങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സൗകര്യമൊരുക്കും, പൊതു വൈഫൈ സ്പോട്ടുകൾ വ്യാപിപ്പിക്കും.



കർഷകരുടെ വരുമാനം 50 ശതമാനം ഉയർത്തും, ശാസ്ത്രജ്ഞൻമാരുടെ ഗവേഷണഫലങ്ങൾ വിളകളുടെ ഉത്പാദനശേഷി വർധിപ്പിക്കുന്നതിന് പൂർണമായും വിനിയോഗിക്കും.

പച്ചക്കറിയിൽ സ്വയംപര്യാപ്തത ഉറപ്പാക്കും, ബെയ്സ് പ്രൈസ് പ്രോഗ്രാമിൽ വിളകളുടെ വിലയിൽ വർഷാവർഷം വർധന വരുത്തും, നെൽക്കൃഷി വ്യാപനത്തിന് ബ്ലോക്കുതല മേൽനോട്ട സമിതി രൂപീകരിക്കും.

സംസ്ഥാന നെല്ല് സഹകരണ സംഘവും രണ്ട് ആധുനിക റൈസ് മില്ലും ആരംഭിക്കും, നഗരങ്ങളിൽ കൃഷിയുടെ സാധ്യത പരിശോധിക്കും, കൃഷിഭവനുകൾ സ്മാർട്ടാകും, തണ്ണീർത്തടം അടിസ്ഥാനമാക്കിയുള്ള കാർഷിക വികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും.

നടീൽ വസ്തുക്കളുടെ ഉത്പാദനം ഇരട്ടിയാക്കും, അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തും, നടീൽ വസ്തുക്കളുടെ ലഭ്യതയും വിതരണവും ഓൺലൈൻ മുഖേന ഉറപ്പാക്കും, പുതിയ നഴ്സറി നിയമം കൊണ്ടുവരും.

മൃഗസംരക്ഷണ വകുപ്പിനെ സമഗ്രമായി പുന:സംഘടിപ്പിക്കും, മൃഗസംരക്ഷണ സേവനങ്ങൾ ദിവസം മുഴുവൻ 77 താലൂക്കുകളിലും ഉറപ്പാക്കും, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ആടുകൾക്കായുള്ള ഒരു പുതിയ മികവിന്റെ കേന്ദ്രം ആരംഭിക്കും.

കന്നുക്കുട്ടി പരിപാലന പദ്ധതി വ്യാപകമാക്കും. പാലധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനം വർധിപ്പിക്കും. കർഷകർക്കുള്ള വാതിൽപ്പടി മൃഗസംരക്ഷണ സേവനങ്ങൾ ഉറപ്പാക്കും .

വൈദ്യുതി വാങ്ങൽ കരാറുകളിൽ പുനഃപരിശോധന നടത്തും. ദരിദ്രരിൽ ദരിദ്രർക്ക് മിതമായ നിരക്കിൽ വൈദ്യുതി അനുവദിക്കും, ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ ഈ വർഷം പൂർത്തീകരിക്കും. പശ്ചിമ ദേശീയ ജലപാതയുടെ വികസനത്തിനായി മൂന്നാംഘട്ടം ആരംഭിക്കും. അർധ അതിവേഗ യാത്രാസൗകര്യം സാധ്യമാക്കും.

കേരള ബാങ്കിനെ കേരളത്തിന്റെ അത്താണിയാക്കും. പിന്നാക്കവിഭാഗ വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തും.

കോപ്-മാർട്ട് പദ്ധതിയിൽ സഹകരണ ഉത്പന്ന വിപണനത്തിന് ഇ -പ്ലാറ്റ്ഫോം ആരംഭിക്കും.

കളമശ്ശേരിയിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ ആരംഭിക്കും. കണ്ണൂരിൽ വില്ലേജ് നോളജ് സെന്റർ തുടങ്ങും. കളമശ്ശേരിയിൽ രാജ്യത്തെ വലിയ ഹാർഡ് വെയർ ഇക്കോ സിസ്റ്റം തുടങ്ങും.

താമസത്തിനുള്ള കെട്ടിടങ്ങൾക്ക് തീരപരിപാലന മേഖലാ ക്ലിയറൻസ് അപേക്ഷയ്ക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തും. പുനർഗേഹം പദ്ധതി ത്വരിതപ്പെടുത്തും. ഉൾനാടൻ മത്സ്യോത്പാദനം ഇരട്ടിയാക്കും. ശക്തികുളങ്ങര, നീണ്ടകര, തങ്കശേരി, കായംകുളം തുറമുഖങ്ങൾ നവീകരിക്കും. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ തുറമുഖം തുറക്കും.

സ്കൂൾ, കോളേജ് പരിസരങ്ങളിൽ 500 ചെറുവനം നിർമിക്കും. ലഹരിമുക്ത സ്കൂളുകൾക്കായി ഉണർവ് പദ്ധതി നടപ്പാക്കും. സർവകലാശാലാവകുപ്പുകളും കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കും.

ഇ-ഗവേർണൻസിന് മലയാള ഭാഷാ ഗവേഷണകേന്ദ്രം ആരംഭിക്കും, ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം എല്ലാ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കും, ഖരമാലിന്യ സംസ്കരണത്തിന് മുൻഗണന നൽകും.

ഹൗസിങ് ബോർഡിനു കീഴിൽ ഗൃഹശ്രീ ഭവനപദ്ധതി ആരംഭിക്കും, വിദേശ തൊഴിൽ തേടുന്നവർക്കായി അധിക നൈപുണ്യപരിശീലനം നൽകും, ഗോത്ര ഉത്പന്നങ്ങൾക്കായി ട്രൈബൽ വില്ലേജ് മാർക്കറ്റുകൾ തുടങ്ങും.

ടൂറിസം കേന്ദ്രങ്ങളിൽ 12 ലോകോത്തര ടോയ്ലെറ്റ് സൗകര്യമൊരുക്കും, ടൂറിസത്തിന് പ്രത്യേക പ്രചാരണം നൽകും, സഞ്ചരിക്കുന്ന ജലബസ് ആരംഭിക്കും. കായികമേഖലയിലെ വികസനം ഉറപ്പാക്കാൻ മേനംകുളത്ത് ജി വി രാജ സെന്റർ ഫോർ എക്സലൻസ് തുടങ്ങും. ■



# മികവുറ്റ ലക്ഷ്യങ്ങൾ

# സമഗ്ര പദ്ധതികൾ

**എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനകാഴ്ച്ചപ്പാടോടെ, സർവതലസ്പർശിയായ പദ്ധതികൾ മുന്നിൽ വച്ചുകൊണ്ട് രണ്ടാം പിണറായി വിജയൻ സർക്കാർ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുകയാണ്. കേരളത്തിന് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്ന തീരുമാനങ്ങളാണ് ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം കൈക്കൊണ്ടിരിക്കുന്നത്. യോഗതീരുമാനങ്ങളുടെ സംക്ഷിപ്തത്തിലേക്ക്...**

ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ രംഗങ്ങളിലുണ്ടായ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കും. സാമൂഹ്യക്ഷേമം, സാമൂഹ്യ നീതി, ലിംഗ നീതി, സ്ത്രീ സുരക്ഷ എന്നിവയെയും കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളുണ്ടാകും. ഇവയെ സമ്പദ്ഘടനയുടെ ഉത്പാദനശേഷി വർധിപ്പിക്കാനുള്ള അടിസ്ഥാനമായി ഉപയോഗിക്കും. ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതന നൈപുണികൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായ നൈപുണികൾ എന്നിവയെ കൃത്യമായി പ്രയോജനപ്പെടുത്തി കൃഷി, അനുബന്ധമേഖലകൾ, നൂതന വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, വരുമാനോത്പാദന സേവനങ്ങൾ എന്നിവയെ മെച്ചപ്പെടുത്തും.

അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഉൻമൂലനം ചെയ്യും. അഗതിയായ ഓരോ വ്യക്തിയേയും ദാരിദ്ര്യത്തിൽ കഴിയുന്ന ഓരോ കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരും.

ഉന്നതവിദ്യാഭ്യാസത്തെ നവീകരിക്കാനും വളർത്താനും പ്രത്യേക നയം രൂപപ്പെടുത്തും. അതിലൂടെ കേരളത്തിലെ യുവാക്കൾക്ക് ആധുനിക സമ്പദ്ഘടനയിൽ ലഭ്യമായ ഏറ്റവും മികച്ച വിദഗ്ധ തൊഴിലുകൾ സൃഷ്ടിക്കും.

അഞ്ചുവർഷം കൊണ്ട് ആധുനികവും ഉയർന്ന തൊഴിൽ ശേഷിയുള്ളതുമായ ഉത്പാദനപരമായ സമ്പദ്ഘടന സൃഷ്ടിക്കും. അടുത്ത 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കുക എന്നതാണ് ലക്ഷ്യം. നാടിന്റെ വികസനം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നത് എറ്റവും അടിത്തട്ടിൽ കഴിയുന്ന ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലൂടെയാണ്. തൊഴിലവസരങ്ങൾ കൂടുതൽ ഉറപ്പുവരുത്തുക എന്നതിന് ഊന്നൽ നൽകും. ഒരാളെയും ഒഴിച്ചുനിർത്താത്ത വികസന കാഴ്ചപ്പാടാണ് ഉയർത്തിപ്പിടിക്കുക.

അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഉൻമൂലനം ചെയ്യും. അഗതിയായ ഓരോ വ്യക്തിയേയും ദാരിദ്ര്യത്തിൽ കഴിയുന്ന ഓരോ കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരും.

കാർഷിക മേഖലയിൽ 'ഉത്പാദനക്ഷമത, ലാഭ സാധ്യത, സുസ്ഥിരത' എന്ന മുദ്രാവാക്യം നടപ്പിലാക്കും. ഓരോ വിളയുടെയും ഉത്പാദനം വർധിപ്പിക്കുന്നതിന് ലക്ഷ്യം നിശ്ചയിക്കും. അഞ്ചു വർഷം കൊണ്ട് നെല്ലിന്റെയും പച്ചക്കറിയുടെയും ഉത്പാദനം ഇരട്ടിപ്പിക്കാനുള്ള ശേഷി നമുക്കുണ്ട്. കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ ഇടപെടലുകളെ സഹകരണ മേഖല യുമായും ഫാർമർ പ്രൊഡ്യൂസർ കമ്പനികളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സമന്വയിപ്പിക്കും. ശാസ്ത്രീയ കൃഷിരീതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി തയ്യാറാക്കും. മൂല്യവർധനവിലും മാർക്കറ്റിങ്ങിലും ശ്രദ്ധ കേന്ദ്രീകരിക്കും.

ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സാധ്യത പ്രയോജനപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കും. നാളികേരത്തിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും സംസ്കരണത്തിന് വ്യവസായ ശാലകളുടെ ശ്രേണി സജ്ജമാക്കും. റബ്ബറിന്റെയും മറ്റും മൂല്യവർധനയ്ക്ക് പോളിമർ സയൻസ് ആന്റ് ടെക്നോളജി അടിസ്ഥാന മാക്കി മികവിന്റെ കേന്ദ്രം രൂപീകരിക്കും.

ഭൂവിനിയോഗ പദ്ധതി, വിള പദ്ധതി, തണ്ണീർത്തട പദ്ധതി എന്നിവ ആവിഷ്കരിച്ച് ആസൂത്രണം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും. പ്രാദേശിക തണ്ണീർത്തടങ്ങളെ മെച്ചപ്പെടുത്തും.

കാരാപ്പുഴ, ബാണാസുര സാഗർ, പഴശ്ശി, ഇടമലയാർ പദ്ധതികൾ 2023-24 ഓടെ പൂർണതോതിൽ പ്രവർത്തന ക്ഷമമാക്കും. മഴവെള്ളം കടലിലേക്ക് ഒഴുക്കിക്കളയാതെ സംഭരിക്കുന്ന വലിയ ജലസംഭരണികൾ ഒരുക്കുന്നത് പരിഗണിക്കും. ഇത് വേനൽ കാലത്തെ ജലസേചനവും കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തും.

അഞ്ചുവർഷം കൊണ്ട് ആധുനികവും ഉയർന്ന തൊഴിൽ ശേഷിയുള്ളതുമായ ഉത്പാദനപരമായ സമ്പദ്ഘടന സൃഷ്ടിക്കും. അടുത്ത 25 വർഷം കൊണ്ട് കേരളത്തിന്റെ ജീവിത നിലവാരം അന്താരാഷ്ട്ര തലത്തിലെ തന്നെ വികസിത രാഷ്ട്രങ്ങൾക്ക് സമാനമാ ക്കുക എന്നതാണ് ലക്ഷ്യം.

കൃഷിയുമായി ബന്ധപ്പെട്ട വകുപ്പുതല അനുബന്ധ സംവിധാനങ്ങൾ പരിഷ്കരിക്കും. കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി കൃഷിക്കാർക്ക് ലഭിക്കുന്ന അനുബന്ധ സേവനങ്ങളുടെ നിലവാരം ഉയർത്തും. കാർഷിക സർവകലാശാലയുടെയും ബന്ധപ്പെട്ട ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെയും ശേഷി പൂർണമായും വിനിയോഗിക്കും.

സംസ്ഥാനത്തെ മുഴുവൻ ഭൂരേഖകളുടെയും സമകാലിക വിവരങ്ങൾ ഉൾച്ചേർക്കാൻ സമയബന്ധിത പദ്ധതി നടപ്പാക്കും. വനഭൂമിയുടെ അതിർത്തികൾ കൃത്യ മായി രേഖപ്പെടുത്താൻ ഉപകരിക്കുന്ന വിധത്തിൽ ആ പദ്ധതിയെ സംയോജിപ്പിക്കും.

2025 ഓടെ പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്നു. മാംസം, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ, വരുന്ന അഞ്ചുവർഷം കൊണ്ട് എത്ര വളർച്ച കൈവരിക്കണമെന്ന ലക്ഷ്യത്തോടെ മിഷൻ മോഡിൽ സർക്കാർ പ്രവർത്തിക്കും. ഉൾനാടൻ മത്സ്യക്കൃഷി ഉത്പാദനത്തിലും വിസ്തീർണത്തിലും കൃത്യമായ ലക്ഷ്യം വച്ച് ഇടപെടും.

അടുത്ത അഞ്ചു വർഷം കൊണ്ട് സാങ്കേതിക വിദ്യ യിലേതുൾപ്പെടെ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കും.

വ്യവസായ വികസനം ആസൂത്രണം ചെയ്യുന്നതി നും പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് സജീവമാക്കും. നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരി ക്കുന്നതിനും സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനും ഹരിത കേരള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും എല്ലാ തലത്തിലും യോജിച്ചു പ്രവർത്തിക്കാനുള്ള സാധ്യത ഒരുക്കും.

വ്യവസായ ഇടനാഴി, തുറമുഖം, ഷിപ്പിങ്, ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ വികസനത്തിലൂടെ അവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വളർച്ച ഉറപ്പുവരുത്തും. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മുതലായവയുടെ നവീകരണത്തിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും. പരമ്പരാഗത വ്യവസായങ്ങൾ നവീകരിച്ച് ഓരോ തൊഴിലാളിക്കും കൂടുതൽ മൂല്യവർധനവ് സാധ്യമാക്കുന്ന തിനുള്ള നടപടികളും സ്വീകരിക്കും.

ഐടി വകുപ്പ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരളത്തിലെ ഐടി വ്യവസായം എന്നിവ സംയുക്തമായി പ്രത്യേക വെബ് പോർട്ടലിലൂടെ കേരളത്തിൽ നിക്ഷേപിക്കാനോ പഠിപ്പിക്കാനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്ന എല്ലാ സംരംഭകരെയും ഐടി വിദഗ്ധരു മായും പ്രൊഫഷണലുകളുമായും ബന്ധിപ്പിക്കും.

ഐടി വിദ്യാർഥികളെ പഠിപ്പിക്കാനും അവർക്ക് മാർഗനിർദേശങ്ങൾ നൽകാനും നിലവിൽ ജോലി ചെയ്യു ന്ന പ്രൊഫഷണലുകളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന മാർഗരേഖ ആറുമാസത്തിനകം തയ്യാറാക്കും.

വ്യവസായ മേഖലയുമായി സജീവമായി സഹകരിക്കാൻ ഐടി അധ്യാപകരേയും വകുപ്പുകളേയും സംയുക്ത ഗവേഷണങ്ങളിലൂടെയും മറ്റും പ്രോത്സാഹിപ്പിക്കും.

എല്ലാ ശാസ്ത്ര സാങ്കേതിക കോഴ്സുകളിലും നൂതനത്വത്തെക്കുറിച്ചും സ്റ്റാർട്ട് അപ്പുകളെക്കുറിച്ചും നിർബന്ധ കോഴ്സ് കേരള സ്റ്റാർട്ട് അപ്പ് മിഷനും അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും സംയുക്തമായി ആരംഭിക്കും.

സംയുക്ത സംരംഭങ്ങളിലൂടെയും സ്വതന്ത്ര നിക്ഷേപങ്ങളിലൂടെയും ഹാർഡ് വെയർ സെക്ടറിലെ നിക്ഷേപം വർധിപ്പിക്കാനുള്ള ഇടപെടൽ നടത്തും. ഹാർഡ് വെയർ ടെസ്റ്റ് ഫെസിലിറ്റി സജ്ജമാക്കാൻ മുൻഗണന നൽകും.

മൂന്നു മുതൽ അഞ്ചു വർഷം കൊണ്ട് ഐടി കയറ്റുമതിയുടെ മൂല്യം ഇരട്ടിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി ഐടിയിലെ പ്രത്യേക ഉപമേഖലകളെ കണ്ടെത്തി അവിടെ നൈപുണ്യ വികസനവും നിക്ഷേപ പ്രോത്സാഹനവും നടത്തും.

വികേന്ദ്രീകൃതമായ തൊഴിലിനും, വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനും (വർക്ക് ഫ്രം ഹോം) ഉള്ള അനേകം അവസരങ്ങൾ ഐടി നൽകുന്നുണ്ട്. ഐടി മേഖലയിലേക്ക് ഉയർന്ന തോതിൽ സ്ത്രീകൾക്ക് കടന്നു വരാൻ സാധ്യത ഇത് തുറന്നു വെക്കുന്നുണ്ട്. സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും അവർക്ക് അനുയോജ്യമായ തൊഴിലുകളുമായി അവരെ ബന്ധിപ്പിക്കുന്നതിനും ഉള്ള പ്രത്യേക പരിപാടികൾ നടപ്പാക്കും.

കൊച്ചി, പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയുടെയും സംസ്ഥാനത്തെ വ്യവസായ പാർക്കുകളുടെയും പൂർത്തീകരണം സാധ്യമാക്കും.

വ്യവസായ ഇടനാഴിക്കനുബന്ധമായി ഹൈ ടെക്നോളജി മാനുഫാക്ചറിങ് അഗ്രോ പ്രൊസസിങ്, ഐടി, ബയോ ടെക്നോളജി, ലൈഫ് സയൻസസ് എന്നീ മേഖലകളിൽ ഉയർന്ന നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കും.

പെട്രോ കെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ്, പോളിമേഴ്സ്, ഫൈബർ എന്നിവ യുടെ നിർമാണത്തിലേർപ്പെടുന്ന സംരംഭകർക്ക് മികച്ച സാധ്യതകൾ കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്കിൽ സാധ്യമാക്കും. എഞ്ചിനീയറിങ്, പെട്രോ കെമിക്കൽസ്, പോളിമർ ടെക്നോളജി, റബ്ബർ എന്നിവയുമായി ബന്ധപ്പെട്ട വ്യാവസായിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണിക്കും.

സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനും ഹൈ ടെക്നോളജി സംരംഭത്തിലേർപ്പെടുന്നതിനും വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രോത്സാഹനം നൽകും. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ സാങ്കേതികവിദ്യാ സ്ഥാപനങ്ങളുമായി കേരളത്തിലെ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ സഹകരിക്കും.

കേന്ദ്ര സർക്കാരിന്റെ ഉദാരവത്ക്കരണ, സ്വകാര്യ വത്ക്കരണ നയങ്ങൾ നടപ്പാക്കപ്പെടുന്ന പ്രധാന മേഖല യാണ് ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളെ വർഗീയ അമിതാധികാര ശക്തികളും ലക്ഷ്യം വെച്ചിട്ടുണ്ട്. ഇത്തരത്തിൽ ദേശീയതലത്തിൽ നടപ്പാക്കുന്ന നയങ്ങൾക്ക് ബദൽ സമീപനം മുന്നോട്ടുവെയ്ക്കും. പുതിയ സർക്കാർ മുൻഗണന നൽകുന്ന ഒരു പ്രധാന മേഖല ഉന്നത വിദ്യാഭ്യാസം ആയിരിക്കും.

ഓരോ വിജ്ഞാന ശാഖയുടെയും കാര്യക്ഷമത പരിപോഷിപ്പിക്കും. ബിരുദ ബിരുദാനന്തര വിദ്യാഭ്യാസത്തിനും അക്കാദമിക ഗവേഷണത്തിനുമുതകുന്ന സമീപനങ്ങൾ സ്വീകരിക്കും. അതിനനുയോജ്യമായ കോഴ്സുകൾ ആരംഭിക്കും. ശ്രേഷ്ഠ കേന്ദ്രങ്ങളും അതേ മാതൃകയിലുള്ള ഡിപ്പാർട്ട് മെന്റുകളും ഇതിന്റെ ഭാഗമായി സജ്ജമാക്കും.

അധ്യാപകരുടെയും വിദ്യാർഥികളുടെയും ആവശ്യ ങ്ങളോട് സുതാര്യമായി പ്രതികരിക്കുന്ന തരത്തിൽ ഭരണ പരമായ നിയന്ത്രണങ്ങളിൽ ആവശ്യമായ അയവ് വരുത്തും.

> പെട്രോ കെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ്, പോളിമേഴ്സ്, ഫൈബർ എന്നിവയുടെ നിർമാണത്തിലേർപ്പെടുന്ന സംരംഭകർക്ക് മികച്ച സാധ്യതകൾ കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്കിൽ ഒരുക്കും. എഞ്ചിനീയറിങ്, പെട്രോ കെമിക്കൽസ്, പോളിമർ ടെക്നോളജി, റബ്ബർ എന്നിവയുമായി ബന്ധപ്പെട്ട വ്യാവസായിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണിക്കും.

പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ അധ്യയനം എങ്ങനെ നമ്മുടെ കലാലയങ്ങളിലും സർവകലാശാലകളിലും ആവിഷ്കരിക്കാം എന്നത് സംബന്ധിച്ച് പഠനം നടത്തും. ഓൺലൈൻ കോഴ്സുകൾ വികസിപ്പിച്ചെടുക്കാൻ അന്തർ സർവകലാശാലാ ഗ്രൂപ്പു കളെ സജ്ജമാക്കും.

അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർഥിക ളുടെ കൈമാറ്റത്തിനുള്ള (എക്സ്ചേഞ്ച്) ശൃംഖല ദേശീയ അന്തർദേശീയ തലത്തിൽ തന്നെ വികസിപ്പിച്ചെടു ക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വിഷയങ്ങളിലെ വിദഗ്ധരുടെ പൂൾ സജ്ജമാക്കും.

ലൈബ്രറികളുടെ നവീകരണം സാധ്യമാക്കും. ഇ-വിഭവങ്ങൾ കാമ്പസുകളും സ്ഥാപനങ്ങളും പങ്കുവെക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹിക നീതിയും പ്രാദേശിക സന്തുലിതാവസ്ഥയും ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും. ഓരോ സർവകലാശാലയ്ക്കും കലാലയത്തിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും പ്രത്യേക പദ്ധതികളും പരിപാടികളും ആവശ്യകത കണക്കിലെടുത്ത് തയ്യാറാക്കും.

ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ വിപുലമായ ശൃംഖല പ്രത്യേക ശ്രദ്ധയോടെ ശക്തിപ്പെടു ത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കും.

സെക്കൻഡറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന

> ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ വിപുലമായ ശൃംഖല പ്രത്യേക ശ്രദ്ധയോടെ ശക്തിപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കു ന്നതിനുള്ള സാഹചര്യമൊരുക്കും.

മടങ്ങിവന്ന പ്രവാസികളുൾപ്പെടെ സംരംഭകരാകാൻ സാധ്യതയുള്ള നിരവധിയാളുകൾ കേരളത്തിലുണ്ട്. അവർ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ തേടുകയാണ്. സാങ്കേതിക വിദ്യ പഠിക്കാനും ആർജിക്കാനുമുൾപ്പെടെ അവർക്ക് സഹായങ്ങൾ നൽകാനുള്ള വ്യവസ്ഥാപിത മാർഗങ്ങൾ ഒരുക്കും.

തരത്തിലുള്ള മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളും ശാസ്ത്രീയ അവബോധവും വളർത്തുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തും.

കൂടുതൽ വൈദഗ്ധ്യമുള്ള തൊഴിലുകൾ നേടിയെടുക്കുന്നതിന് യുവാക്കളെ സജ്ജരാക്കും. ഏറ്റവും ആധുനികമായ ശേഷി വികസന പരിപാടികൾ അവർക്ക് ലഭ്യമാക്കും. ഐടി അധിഷ്ഠിത സേവനങ്ങൾ, ഗതാഗതം, സ്റ്റോറേജ്, വാർത്താവിനിമയം, ബാങ്കിങ്, ഇൻഷ്വറൻസ്, നിർമാണം, ആരോഗ്യം, മെഡിക്കൽ എക്യുപ്മെന്റ്, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിൽ കേരളത്തിൽ വലിയ തൊഴിൽ സാധ്യത ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. പുതിയ സാധ്യത ഉയർന്നുവരുന്ന മേഖലകളിൽ സ്ത്രീകൾക്കും യുവാക്കൾക്കും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കും ശേഷി വികസനം ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകും.

ശേഷി വികസനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിലും സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും സർക്കാരിന് വലിയ പങ്കു വഹിക്കാനുണ്ട് എന്നാണ് അന്താരാഷ്ട്ര തലത്തിൽ വിജയകരമായിട്ടുള്ള അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഇത് ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കുക.

പരിശീലനത്തെ ഇപ്പോഴുള്ള തൊഴിൽ കമ്പോളങ്ങളുടെ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിനോടൊപ്പം ഭാവി തൊഴിലുകൾക്ക് അനുസൃതമായ വിധത്തിൽ ശേഷികൾ വികസിപ്പിക്കും.

സംസ്ഥാനത്തെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് മുൻഗണ നൽകും. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജൻഡർ ബജറ്റിങ് ശക്തിപ്പെടുത്തും. സംസ്ഥാനാടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ക്രൈം മാപ്പിങ്ങിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ഇടപെടലിന് രൂപം നൽകും.

യുവാക്കളുടെ പരിശീലനത്തിൽ അടിസ്ഥാന ശേഷികൾ ഉൾപ്പെടുത്തുകയും നിലവാരമുള്ള അപ്രന്റീസ്ഷിപ്പ് സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും.

തൊഴിലുമായി ബന്ധപ്പെട്ട പരിശീലനങ്ങളുടെ പ്രാപ്യത വർധിപ്പിക്കുകയും ഔദ്യോഗിക സമ്പദ്ഘടനയിലെ തൊഴിലുകളിൽ ജോലി ചെയ്യാൻ കഴിയുന്ന തരത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും സജ്ജരാക്കുകയും ചെയ്യും.

കാര്യക്ഷമമായ ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സംവിധാനവും ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ എജ്യൂക്കേഷൻ ആൻഡ് ട്രെയ്നിങ് സംവിധാനവും ഒരുക്കും.

ഖരമാലിന്യസംസ്കരണമെന്ന പ്രശ്നത്തിന് എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ അത് ഗൗരവതരമായ ആരോഗ്യ, ശുചിത്വ, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കാനിടയാകും. ഈ യാഥാർഥ്യം മുൻനിർത്തി അഞ്ചുവർഷം കൊണ്ട് മാലിന്യ രഹിത കേരളം യാഥാർഥ്യമാക്കും.

നാട് നിലനിൽക്കുന്നതും ചലിക്കുന്നതും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രയത്നത്തിന്റെ ഭാഗമായാണെന്ന് കണ്ടറിഞ്ഞുകൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

മടങ്ങിവന്ന പ്രവാസികളുൾപ്പെടെ സംരംഭകരാകാൻ സാധ്യതയുള്ള നിരവധിയാളുകൾ കേരളത്തിലുണ്ട്. അവർ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരങ്ങൾ തേടുകയാണ്. സാങ്കേതിക വിദ്യ പഠിക്കാനും ആർജിക്കാനുമുൾപ്പെടെ അവർക്ക് സഹായങ്ങൾ നൽകാനുള്ള വ്യവസ്ഥാപിത മാർഗങ്ങൾ ഒരുക്കും.

സംസ്ഥാനത്തെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് മുൻഗണ നൽകും. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജൻഡർ ബജറ്റിങ് ശക്തിപ്പെടുത്തും. സംസ്ഥാനാടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ക്രൈം മാപ്പിങ്ങിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ഇടപെടലിന് രൂപം നൽകും.

കേരളത്തിന്റെ പൊതുവായ വികസനത്തിന്റെ നേട്ടം വേണ്ടത്ര ലഭിക്കാത്ത പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഉറപ്പുവരുത്തും. മുഴുവൻ ഭിന്നശേഷിക്കാർക്കും സഹായോപകരണങ്ങൾ ഉറപ്പുവരുത്തും.

വിപുലമായ വയോജന സർവേ നടത്തി സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പ്രത്യേക സാന്ത്വന പരിചരണ പരിപാടി ആവിഷ്കരിക്കും.

സർക്കാർ സർവീസിലെ ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പുവരുത്തും.

പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

മതനിരപേക്ഷ സംസ്കാരത്തിന്റെ കാവലാളായ മാതൃഭാഷ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും.

പരിസ്ഥിതി സൗഹാർദ്ദപരമായ സുസ്ഥിര വികസന

മായിരിക്കും സംസ്ഥാന സർക്കാർ സ്വീകരിക്കുക.

കേരളം ഉയർത്തിക്കൊണ്ടുവന്ന നവോത്ഥാനത്തിന്റെയും മതനിരപേക്ഷതയുടെയും കാഴ്ച്ചപ്പാടുകളെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുക എന്നതാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ ജീവിത നിലവാരം അനുദിനം മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ അത് സാധ്യമാകൂ. പൊതുമണ്ഡലങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ ഉയർത്തുന്നതിനുള്ള സാംസ്കാരിക മുന്നേറ്റത്തിന് സർക്കാർ നേതൃത്വം നൽകും.

അന്താരാഷ്ട്ര തലത്തിലെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ നാട്ടിലെ യുവതീയുവാക്കൾക്ക് ഈ നാട്ടിൽ തന്നെ തൊഴിലവസരം ഉറപ്പുവരുത്താനുള്ള ക്രിയാത്മകമായ നടപടിക്കാണ് ഊന്നൽ നൽകുക. കേരളത്തെ വൈജ്ഞാനിക കേന്ദ്രമാക്കുകയും അത് എല്ലാ ജനവിഭാഗങ്ങൾക്കും പ്രാപ്തമാകുന്ന തരത്തിലുള്ള ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്കായിരിക്കും പരിശ്രമിക്കുക.

കേന്ദ്രസംസ്ഥാന ബന്ധങ്ങളെ ജനാധിപത്യപരമായി പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തും.

ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് മന്ത്രിസഭായോഗം ചില തീരുമാനങ്ങൾ എടുത്തത്.

അതി ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമായ സുപ്രധാനമായ ഒരു തീരുമാനം ആദ്യ മന്ത്രിസഭാ യോഗം കൈക്കൊണ്ടു. ഇതുസംബന്ധിച്ച് വിശദമായ സർവെ നടത്താനും ക്ലേശഘടകങ്ങൾ നിർണയിക്കാനും അത് ലഘൂകരിക്കുന്നതിനുമുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ തദ്ദേശഭരണ വകുപ്പിനെ (സെക്രട്ടറിമാരെ) ചുമതലപ്പെടുത്തി.

പാർപ്പിടമെന്നത് മനുഷ്യന്റെ അവകാശമായി അംഗീകരിച്ച സർക്കാരാണിത്. എല്ലാവർക്കും ഭവനം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതേസമയം മറുഭാഗത്ത് ജപ്തി നടപടികളിലൂടെയും മറ്റും ആളുകൾക്ക് കിടപ്പാടം നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്.

ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ശക്തമായ നിയമനിർമാണം നടത്തും. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, വിദഗ്ധ അഭിഭാഷകൻ എന്നിവരടങ്ങുന്ന സമിതി ഇതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തി. ആ റിപ്പോർട്ട് പരിശോധിച്ചാകും തുടർനടപടികൾ.

ഗാർഹിക ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് സഹായമെത്തിക്കുമെന്ന് പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയിരുന്നു. ഒപ്പം ഗാർഹിക ജോലികളിലെ കാഠിന്യം കുറയ്ക്കാൻ സ്മാർട്ട് കിച്ചൻ പദ്ധതിയും നടപ്പാക്കുമെന്നും വാഗ്ദാനം നൽകിയതാണ്. നമ്മുടെ നാട്ടിലെ വീട്ടമ്മമാരുടെ ജോലിഭാരം ലഘൂകരിക്കുന്ന, വീട്ടുജോലിയെടുക്കുന്നവരെ സംരക്ഷിക്കുന്ന ഈ പദ്ധതിക്ക് രൂപം നൽകാൻ ചീഫ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ സെക്രട്ടറി, വനിതാ ശിശുക്ഷേമ വകുപ്പ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി.

20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകാനുള്ള മാർഗരേഖ കെ ഡിസ്ക് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ജൂലൈ 15നകം റിപ്പോർട്ട് നൽകാൻ

> **സർക്കാരിന്റെ എല്ലാ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനെ നയിക്കുന്നത്. ഓരോ തീരുമാനവും ജനങ്ങൾക്കു വേണ്ടിയുള്ളതാണ്. അത് ജനങ്ങൾക്ക് ലഭ്യമാകുന്നതിൽ തടസ്സമുണ്ടാകാൻ പാടില്ല. സർക്കാർ സേവനങ്ങൾ ഓൺലൈനായി വീട്ടുപടിക്കലെത്തുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.**

കെ ഡിസ്കിനെ ചുമതലപ്പെടുത്തി.

സർക്കാരിന്റെ എല്ലാ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനെ നയിക്കുന്നത്. ഓരോ തീരുമാനവും ജനങ്ങൾക്കു വേണ്ടിയുള്ളതാണ്. അത് ജനങ്ങൾക്ക് ലഭ്യമാകുന്നതിൽ തടസ്സമുണ്ടാകാൻ പാടില്ല. സർക്കാർ സേവനങ്ങൾ ഓൺലൈനായി വീട്ടുപ്പടിക്കലെത്തുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ ഈ പദ്ധതി നിലവിൽ വരും. ഐടി സെക്രട്ടറി, ഐടി വിദഗ്ധർ എന്നിവരടങ്ങിയ സമിതി പദ്ധതിക്ക് അന്തിമരൂപം നൽകും.

ഇ-ഓഫീസ്, ഇ-ഫയൽ സംവിധാനങ്ങൾ കൂടുതൽ വിപുലമായി നടപ്പാക്കാനാണ് തീരുമാനം. ഇതു സംബന്ധിച്ച് പദ്ധതി നടപ്പാക്കുന്നതിന് സമിതിയെ നിശ്ചയിച്ചു. വ്യവസായമേഖലയിൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. വ്യവസായങ്ങളെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ അറിയിക്കാൻ വ്യത്യസ്തങ്ങളായ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം നിലവിലുണ്ട്. അത് ഒഴിവാക്കാൻ പരാതി പരിഹാരത്തിനുള്ള ഏകജാലക സംവിധാനം കൊണ്ടുവരാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ■

> **പാർപ്പിടമെന്നത് മനുഷ്യന്റെ അവകാശമായി അംഗീകരിച്ച സർക്കാരാണിത്. എല്ലാവർക്കും ഭവനം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.**

# ആശംസകൾ... ഹൃദയാഭിവാദ്യങ്ങൾ



## നരേന്ദ്രമോദി (പ്രധാന മന്ത്രി )

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. പിണറായി വിജയനും എൽ.ഡി.എഫിനും അഭിനന്ദനങ്ങൾ. ഇനിയും ഒരുപാട് വിഷയങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കുകയും കോവിഡ് 19 പകർച്ചവ്യാധിയെ ലഘൂകരിക്കുകയും ചെയ്യാം.



## അമിത് ഷാ (കേന്ദ്ര ആഭ്യന്തര മന്ത്രി)

കേരളം, ബംഗാൾ, തമിഴ്നാട് എന്നിവിടങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച പിണറായി വിജയൻ, എം.കെ. സ്റ്റാലിൻ, മമ്താ ദീദി എന്നിവർക്ക് അഭിനന്ദനങ്ങൾ. ജനങ്ങളുടെ ക്ഷേമത്തിനായി ഈ സംസ്ഥാന ഗവൺമെന്റുകളും കേന്ദ്ര ഗവൺമെന്റും തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുമെന്ന് എനിക്ക് ഉറപ്പാണ്.



## നിർമലാ സീതാരാമൻ (കേന്ദ്ര ധനമന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിലെ വിജയത്തിൽ ശ്രീ. പിണറായി വിജയനും എൽ.ഡി.എഫിനും അഭിനന്ദനങ്ങൾ. സംസ്ഥാന സർക്കാരിന് എല്ലാ ആശംസകളും നേരുന്നു.



## രാജ്നാഥ് സിങ് (കേന്ദ്ര പ്രതിരോധ മന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും അദ്ദേഹത്തിന്റെ മുന്നണിയും നേടിയ വിജയത്തിൽ ഞാൻ അഭിനന്ദിക്കുന്നു. അടുത്ത ഭരണകാലാവധിക്ക് എല്ലാ ആശംസകളും നേരുന്നു.



## സ്മൃതി ഇറാനി (കേന്ദ്ര മാനവവിഭവ ശേഷി വകുപ്പ് മന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. പിണറായി വിജയന് അഭിനന്ദനങ്ങൾ. കേരളത്തിന്റെ പൂർണമായ വികസനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ജിയുടെ കീഴിൽ നമുക്ക് പ്രവർത്തനം തുടരാം.

# സത്യപ്രതിജ്ഞ – സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം





## ഡോ. ഹർഷ വർധൻ (കേന്ദ്ര ആരോഗ്യ മന്ത്രി)



കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും എൽ.ഡി.എഫിനും സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് വിജയത്തിൽ അഭിനന്ദനങ്ങൾ. കേരള ജനതയുടെ പുരോഗതിക്കും ക്ഷേമത്തിനും ഉപകരിക്കുന്നതാകട്ടെ ഈ തുടർഭരണം. കോവിഡ് 19 നെ തോൽപ്പിക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.



## ധർമേന്ദ്ര പ്രദാൻ (കേന്ദ്ര പെട്രോളിയം മന്ത്രി)

ബംഗാൾ മുഖ്യമന്ത്രി മമ്താ ദീദി, കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഡി.എം.കെ നേതാവ് എം.കെ. സ്റ്റാലിൻ എന്നിവർക്കും അവരുടെ പാർട്ടികൾക്കും നിയമസഭാ തെരെഞ്ഞെടുപ്പിൽ ലഭിച്ച വിജയത്തിൽ അഭിനന്ദനങ്ങൾ. വിജയകരമായ ഒരു ഭരണകാലം ആശംസിക്കുന്നു .

## ഗജേന്ദ്രസിംഗ് ശെഖാവത്ത് (കേന്ദ്ര ജലവിഭവ മന്ത്രി)



പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിക്കും അഭിനന്ദനങ്ങൾ. ഞങ്ങളെ പിന്തുണച്ച കേരളത്തിലെ ജനങ്ങൾക്ക് എന്റെ ഹൃദയംഗമമായ നന്ദി.



## ജഗൻമോഹൻ റെഡ്ഡി (ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി)

രാജ്യത്തുടനീളം നടന്ന തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പിലും വിജയിച്ച സ്ഥാനാർഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും മുഖ്യമന്ത്രിമാർക്കും അഭിനന്ദനങ്ങൾ. ഭരണകാലത്തെ പൊതുസേവനത്തിന് എന്റെ ആശംസകൾ.



## നിധീഷ് കുമാർ (ബീഹാർ മുഖ്യമന്ത്രി)

നീണ്ട വർഷങ്ങൾക്കു ശേഷം കേരളത്തിൽ ചരിത്രപരമായ തുടർഭരണം നേടിയ പിണറായി വിജയനും എൽ.ഡി.എഫിനും അഭിനന്ദനങ്ങൾ. ദൈവത്തിന്റെ സ്വന്തം നാട്ടിൽ കൂടുതൽ സമൃദ്ധി കൊണ്ടുവരാൻ നിങ്ങളുടെ ഭരണത്തിന് സാധിക്കട്ടെ. ആശംസകൾ.


PWD


PWD



## എം.കെ. സ്റ്റാലിൻ (തമിഴ്നാട് മുഖ്യമന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയത്തിനായി സ്വന്തം പാർട്ടിയെ നയിച്ച ശ്രീ. പിണറായി വിജയന് എന്റെ അഭിനന്ദനങ്ങൾ. അദ്ദേഹത്തിന്റെ കൃത്യവും നിർണായകവുമായ നേതൃത്വം കേരളത്തെ മികച്ച ഉയരങ്ങൾ കൈവരിക്കാൻ സഹായിച്ചു. മറ്റൊരു വിജയകരമായ ഭരണ കാലഘട്ടം ആശംസിക്കുന്നു.



## അരവിന്ദ് കെജ്രിവാൾ (ഡൽഹി മുഖ്യമന്ത്രി )

ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ ശ്രീ. പിണറായി വിജയൻ സർ. നിങ്ങളുടെ ജനപക്ഷ ഭരണം കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് നിങ്ങളിൽ സ്ഥിരമായ വിശ്വാസമുണ്ട്.



## അശോക് ഗെഹ്ലോട്ട് (രാജസ്ഥാൻ മുഖ്യമന്ത്രി )

കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിക്കും നിയമ സഭാ തെരെഞ്ഞെടുപ്പിൽ ലഭിച്ച വിജയത്തിന് ആശംസകൾ നേരുന്നു.



## ഭൂപേഷ് ബാഘേൽ (ഛത്തിസ്ഗഢ് മുഖ്യമന്ത്രി)

കേരളത്തിലെ വിജയത്തിൽ ശ്രീ.പിണറായി വിജയന് അഭിനന്ദനങ്ങൾ. നിങ്ങളുടെ തനതായ പ്രവർത്തന ശൈലിയുടെ തെളിവാണീ വിജയം. അതിൽ നിന്ന് ഞങ്ങൾ ധാരാളം പഠിക്കുന്നു.



## എൻ. ബിരൻ സിങ് (മണിപ്പൂർ മുഖ്യമന്ത്രി)

കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും എൽ.ഡി.എഫിനും കേരളത്തിലെ തെരഞ്ഞെടുപ്പ് വിജയത്തിൽ അഭിനന്ദനങ്ങൾ. അടുത്ത ഭരണ കാലാവധിയിലേക്ക് ആശംസകൾ.



## ക്യാപ്റ്റൻ അമരിന്ദർ സിങ് (പഞ്ചാബ് മുഖ്യമന്ത്രി)

കേരളത്തിൽ തുടർച്ചയായി വിജയിച്ച ശ്രീ. പിണറായി വിജയന് എന്റെ അഭിനന്ദനങ്ങൾ. അടുത്ത മന്ത്രിസഭയ്ക്ക് ആശംസകൾ.


PWD


PWD



## കെ. ചന്ദ്രശേഖർ റാവു (തെലങ്കാന മുഖ്യമന്ത്രി)

സി.പി.എം നേതാവും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ് മുന്നണിക്ക് കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് വിജയത്തിൽ എന്റെ അഭിനന്ദനങ്ങൾ.



## കോൺറാഡ് കൊംഗ്കൽ സംഗ്മ (മേഘാലയ മുഖ്യമന്ത്രി)

കേരളത്തിലെ തെരഞ്ഞെടുപ്പിൽ ഉജ്ജ്വല പ്രകടനം കാഴ്ചവച്ച എൽ.ഡി.എഫിന് അഭിനന്ദനങ്ങൾ



## പെമാ ഖണ്ഡു (അരുണാചൽ പ്രദേശ് മുഖ്യമന്ത്രി)

നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ശ്രദ്ധേയമായ തിരിച്ചുവരവുണ്ടാക്കിയ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫിന് അഭിനന്ദനങ്ങൾ. സുഗമമായ ഭരണകാലം ആശംസിക്കുന്നു .



## നെയ്ഫ്യു റിയോ (നാഗാലാൻഡ് മുഖ്യമന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ മുന്നണിക്കും അഭിനന്ദനങ്ങൾ



## ബി എസ് യെദിയൂരപ്പ (കർണ്ണാടക മുഖ്യമന്ത്രി)

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ ഡി എഫിനെ തുടർച്ചയായ വിജയത്തിലേക്ക് നയിച്ച ശ്രീ. പിണറായി വിജയന് അഭിനന്ദനങ്ങൾ



## വി.നാരായണസ്വാമി (പുതുച്ചേരി മുഖ്യമന്ത്രി)

ശ്രീ പിണറായി വിജയനും മുന്നണിക്കും ലഭിച്ച വിജയത്തിലും വീണ്ടും മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്നതിലും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ


PWD


PWD



## ശശി തരൂർ, പാർലമെന്റ് അംഗം

ഇത്തരമൊരു വിജയം 44 വർഷത്തെ കേരള രാഷ്ട്രീയത്തിൽ ആദ്യത്തേതാണ്. പിണറായി വിജയനിലും അദ്ദേഹത്തിന്റെ സർക്കാരിലും ജനങ്ങൾ അർപ്പിച്ച വിശ്വാസ്യത മാനിക്കേണ്ടത് നമ്മുടെ കടമയാണ്. കോവിഡിനും വർഗീയതക്കുമെതിരായ പോരാട്ടത്തിൽ അദ്ദേഹത്തിന് തീർച്ചയായും നമ്മുടെ പിന്തുണ ഉണ്ടായിരിക്കണം



## ശരത് പവാർ (രാജ്യസഭാംഗം)

കേരള നിയമസഭാ തെരഞ്ഞെടുപ്പിലെ ചരിത്രപരമായ തുടർ ഭരണത്തിൽ ശ്രീ. പിണറായി വിജയന് അഭിനന്ദനങ്ങൾ



## ശരത് യാദവ് (രാജ്യസഭാംഗം)

കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ നേതൃത്വത്തിനോടുള്ള വിശ്വാസം കാണിച്ചു. എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ



## സുനിൽ താക്കറെ (രാജ്യസഭാംഗം)

ശ്രീ. പിണറായി വിജയനും എൽ ഡി എഫിനും ലഭിച്ച വിജയത്തിൽ അഭിനന്ദനങ്ങൾ. വിജയകരമായ ഒരു തുടർഭരണം ആശംസിക്കുന്നു.



## കനിമൊഴി ( രാജ്യസഭാംഗം )

നാല് പതിറ്റാണ്ടുകൾക്കു ശേഷം വീണ്ടും തെരഞ്ഞെടുക്കപ്പെട്ട് ചരിത്രം സൃഷ്ടിച്ചതിനും പുരോഗതിക്കും സാമൂഹ്യനീതിക്കും വേണ്ടി നിലകൊള്ളാൻ ധൈര്യപ്പെട്ടതിനും ശ്രീ. പിണറായി വിജയന് അഭിനന്ദനങ്ങൾ



## കുൻവാർ ഡാനിഷ് അലി (പാർലമെന്റ് അംഗം)

ഈ ശ്രദ്ധേയമായ വിജയത്തിൽ ശ്രീ. പിണറായി വിജയന് അഭിനന്ദനങ്ങൾ. 44 വർഷങ്ങൾക്ക് ശേഷം ഇതാദ്യമായാണ് കേരളത്തിൽ ഒരു തുടർഭരണം. കോവിഡ് 19 നും വർഗീയതക്കുമെതിരെ പോരാടാൻ നിങ്ങൾ വഴി കാണിച്ചു. കേരളത്തിലെ വോട്ടർമാർ നിങ്ങളുടെ ഭരണ മാതൃകയ്ക്കും സാമൂഹിക സുരക്ഷയെ അടിസ്ഥാനമാക്കിയുള്ള വികസനത്തിനും പ്രതിഫലം നൽകി.


PWD


PWD



## ടി. പത്മനാഭൻ (എഴുത്തുകാരൻ)

കേരളത്തിൽ ആദ്യമായിട്ടാണ് യുവ ശക്തിയുടെ ഏറ്റവും വലിയ പ്രാതിനിധ്യത്തോടെ ഒരു മന്ത്രിസഭ അധികാരമേൽക്കുന്നത് . ഇത് പിണറായിയുടെ നേതൃത്വത്തിലുള്ള തുടർ ഭരണമാണ്. അദ്ദേഹത്തിന്റെ കഴിവിൽ പൂർണ വിശ്വാസമുള്ള ജന ലക്ഷങ്ങളിൽ ഒരുവനാണ് ഞാൻ. ഈ പ്രതിസന്ധി ഘട്ടത്തിൽ കേരളത്തെ ശോഭനമായ ഭാവിയിലേക്ക് നയിക്കാൻ ഈ സർക്കാരിന് സാധിക്കും. പിണറായിക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.



## എൻ. എസ്. മാധവൻ (എഴുത്തുകാരൻ )

ഈ തെരഞ്ഞെടുപ്പിനു മുൻപ് കേരളത്തിൽ അപകടകരമായ ഒരു രാഷ്ട്രീയം വളർന്നു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. അതിന് പരിസമാപ്തി കുറിക്കാൻ ഈ ഭരണത്തുടർച്ചക്കു കഴിഞ്ഞു എന്നതാണ് ഇടതു സർക്കാരിന്റെ ചരിത്രപരമായ ഈ തിരിച്ചുവരവിൽ എനിക്കുള്ള ഏറ്റവും വലിയ സന്തോഷം. കഴിഞ്ഞ മൂന്ന് വർഷങ്ങൾ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. കൊടുങ്കാറ്റു മുതൽ മഹാമാരി വരെ ഉണ്ടായി. അപ്പോഴെല്ലാം സാധാരണക്കാരെ മറക്കാതെ ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാനും സർക്കാരിന് കഴിഞ്ഞു. കൂടുതൽ മികവുറ്റ ഭരണം ഈ സർക്കാരിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നു.



## ബെന്യാമിൻ (എഴുത്തുകാരൻ)

പ്രളയം, നിപ്പ, കോവിഡ് എന്നീ ദുരന്തങ്ങൾ വന്നതോടെ യുവജന സംഘടനങ്ങൾ പ്രവർത്തന നിരതവും താഴേത്തട്ടിൽ വളരെ സജീവവും ആയിരുന്നു. അത് ഇടതുപക്ഷം തങ്ങൾക്കൊപ്പമുണ്ട് എന്ന വികാരം സാധാരണക്കാരിൽ സൃഷ്ടിച്ചു. അധികാര മോഹികളായ ടെക്നോക്രാറ്റ് / ബ്യൂറോക്രാറ്റ്/ സിനിമാ താരങ്ങളെക്കാൾ എത്രയോ നല്ല മനുഷ്യരാണ് ഏതൊരു പാർട്ടിയിലെയും സാധാരണ രാഷ്ട്രീയ പ്രവർത്തകൻ എന്ന തിരിച്ചറിവ് കൂടി ജനങ്ങൾക്കു ഉണ്ടായി. അതിന്റെ പ്രതിഫലനമാണ് ഈ ഭരണത്തുടർച്ച.



## വി. മധുസൂദനൻ നായർ (കവി)

ഭരണകൂടമാണ് ഒരു നാടിന്റെ രക്ഷാകർത്താവ്. ആ രക്ഷാകർത്താവ് ആപത്തിൽ എല്ലാവർക്കും തുണയായിരിക്കണം. മലയാള ഭാഷയ്ക്കു കൊടുക്കാവുന്ന എല്ലാ പ്രാധാന്യവും ഈ സർക്കാർ നൽകി. വിദ്യാഭ്യാസ രംഗത്തെ ആധുനികമാക്കാനും കുട്ടികളിൽ സമത്വ ബോധമുണ്ടാക്കുന്ന നിലയിൽ പ്രവർത്തിക്കാനും സർക്കാരിന് സാധിച്ചു. പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങൾക്കു തുണയായിരിക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും ആരും പട്ടിണികിടക്കരുത് എന്നുള്ള വ്രതം പരിപാലിക്കാനും സാധിച്ചു. അതിനെല്ലാം ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തുടർഭരണം.
ബഹുജന ഹിതായ ബഹുജന സുഖായ.



## മുരുകൻ കാട്ടാക്കട (കവി)

ഒരു വിശാല ജനാധിപത്യമതേതരസോഷ്യലിസ്റ്റ് മനോഭാവമുള്ള വികസിത സമൂഹമാണ് കേരളമെന്ന് ഒരിക്കൽക്കൂടി നാം ഈ തെരഞ്ഞെടുപ്പിലൂടെ തെളിയിച്ചിരിക്കുകയാണ് .സ്വാതന്ത്ര്യാനന്തരമുള്ള ജനാധിപത്യ പ്രക്രിയകളിൽ ഉജ്ജ്വലമായ ഒരു മുന്നേറ്റമാണ് ഈ തെരഞ്ഞെടുപ്പിലൂടെ കേരളത്തിൽ ഇടതുപക്ഷത്തിന് ലഭിച്ചിരിക്കുന്നത്. ജാതിക്കും മതത്തിനും വിഭാഗീതയ്ക്കൊക്കെ മുകളിൽ മനുഷ്യ സ്നേഹത്തിനും പരസ്പര സഹകരണത്തിനും ത്യാഗ മനോഭാവത്തിനും നന്മകൾക്കുമാണ് കൂടുതൽ പ്രാധാന്യം ഉള്ളത് എന്ന് നാം തെളിയിച്ചു .ഇത് മലയാളിയുടെ ശരിയായ തീരുമാനമാണ് . നമ്മുടെ സാമ്പത്തിക വികസനത്തിനും സാംസ്കാരിക വികസനത്തിനുമൊക്കെ ഈ ഭരണ തുടർച്ച വളരെ വലിയ ഉത്തേജകമായി മാറും .


PWD


PWD



## മുരളി തുമ്മാരുകുടി
(യു എൻ അപകടസാധ്യത ലഘൂകരണ വിഭാഗം തലവൻ)

കേരളത്തിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ജനങ്ങൾ വിജയിക്കണം എന്ന് ആഗ്രഹിച്ചവർ വിജയിച്ചിട്ടുണ്ട്. ഭരണ തുടർച്ചയും കൂടുതൽ ജനപിന്തുണയും ഉള്ളതിനാൽ കൂടുതൽ ബുദ്ധിമുട്ടുള്ള തീരുമാനങ്ങൾ എടുക്കാൻ പുതിയ ഭരണത്തിന് സാധിക്കുമെന്നതാണ് എന്റെ പ്രതീക്ഷ. വിജയവും രാഷ്ട്രീയവും പ്രധാനമാണ്. എന്നാൽ അതിനപ്പുറമാണ് കോവിഡ് കാലത്ത് മനുഷ്യന്റെ ജീവൻ.
അതിനു സുരക്ഷ ഒരുക്കാൻ സർക്കാരിന് സാധിക്കട്ടെ .



## കമൽ (സംവിധായകൻ )

ഇത് ഒരു ചരിത്ര മുഹൂർത്തമാണ് . എൽഡിഎഫിന് തുടർഭരണം യാഥാർഥ്യമാകുമ്പോൾ ജനാധിപത്യത്തിലും പുരോഗമനാശയങ്ങളിലും വിശ്വസിക്കുന്ന എല്ലാ മലയാളിയുടെയും വിജയമായാണ് നാം കണക്കാക്കേണ്ടത്. കഴിഞ്ഞ കാലത്ത് പ്രതിസന്ധികളെയും ദുരന്തങ്ങളെയും അതിജീവിക്കാൻ കൃത്യമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിച്ച മുഖ്യമന്ത്രിക്കും സർക്കാരിനും ജനങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുകയാണ്. അതിന്റെ തെളിവാണ് ഈ മികച്ച വിജയം. സർക്കാരിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു



## അശോകൻ ചരുവിൽ (കഥാകൃത്ത് )

കേരളത്തിലെ ഇടതുബദലിന് ജനങ്ങൾ നൽകിയ അംഗീകാരം. വർഗീയ രാഷ്ട്രീയത്തിനേറ്റ തിരിച്ചടി.



## ശിഹാബുദ്ദീൻ പൊയ്ത്തും കടവ് (കഥാകൃത്ത് )

ഇടതുപക്ഷം ജനത്തിന് കൊടുത്ത വിശ്വാസം തന്നെയാണ് തിരിച്ചുകിട്ടിയിട്ടുള്ളത്. ആപത്തുകളിൽ, ദുരന്തങ്ങളിൽ സർക്കാർ ജനത്തിനൊപ്പമായിരുന്നു. അവരത് പോളിങ് ബൂത്തിൽ ഓർത്തു വെച്ചു. തിരുത്തൽ ആലോചനകൾ സാധ്യമാകുന്ന ധൈഷണിക സംവിധാനം ഇപ്പോഴും ഇടത് പക്ഷത്തിനേ ഉള്ളൂ എന്നതാണ് യാഥാർഥ്യം. ചരിത്രത്തിൽ നിന്നും സംഭരിച്ച ഈ ഊർജത്തെ പരമാവധി ഉപയോഗിക്കുക.



## ശാരദക്കുട്ടി ഭാരതിക്കുട്ടി (എഴുത്തുകാരി )

കവി പറഞ്ഞതു പോലെ, വേര് അടിത്തട്ടിനെ തൊട്ടതു കൊണ്ടാണിങ്ങനെ കേരളം ചുവന്നു വിടർന്നത്. വേദനയുടെയും ഉത്കണ്ഠയുടെയും കാലത്ത് ഈ തണൽ, ഈ കുട തിരഞ്ഞെടുത്തത്, വിശ്വാസം അതൊന്നു കൊണ്ടു മാത്രമാണ്. ആ കരുതലും ജാഗ്രതയും ആഹ്ളാദത്തേക്കാൾ മുന്നിൽ നിൽക്കട്ടെ. മഹാഭീതികളിൽ ഇതല്ലാതെ മറ്റൊരു തെരഞ്ഞെടുപ്പ് സാധ്യമല്ലെന്ന വിവേകം കാണിച്ച കേരള ജനതക്ക് ഹൃദയാലിംഗനം.



## ജോർജ് ഓണക്കൂർ (സാഹിത്യകാരൻ)

ഭരണകൂടങ്ങൾ മാറിവരുമ്പോൾ മുൻ സർക്കാരുകൾ തുടക്കമിട്ട വികസന പരിപാടികൾക്ക് ഇടർച്ച സംഭവിക്കുക സാധാരണയാണ്. എന്നാൽ കേരളം എന്നും അഭിമാനിക്കുന്ന കാർഷികനിയമങ്ങളും വിദ്യാഭ്യാസ വികസന പരിപാടികളും ഇടയ്ക്ക് വെച്ച് മുടങ്ങാതെ മുന്നോട്ടു കൊണ്ട് പോകാൻ ഇടതു സർക്കാരിന് കഴിഞ്ഞു. ഗവണ്മെന്റ് പ്രാധാന്യം നൽകിയ പൊതു വിദ്യാഭ്യാസ വികസനം ഏറെ ശ്രദ്ധയാകർഷിച്ചതാണ്. അതിൽ അഭിമാനവും ഉണ്ട്. സാദൃശ്യ പ്രവർത്തനങ്ങൾ കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാൻ ഇപ്പോഴത്തെ ഭരണത്തുടർച്ച വഴി സഹായകമാകും എന്നതിൽ സംശയമില്ല.


PWD
PWD


PWD

## ശ്രീകുമാരൻ തമ്പി (ഗാനരചയിതാവ്, സംവിധായകൻ)



ഭക്ഷണം, കിടപ്പാടം, ആരോഗ്യസംരക്ഷണം, കുട്ടികൾക്ക് വൃത്തിയും വെടിപ്പുമുള്ള സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കാനുള്ള അവസരവും മറ്റു പഠനസൗകര്യങ്ങളും, എല്ലാ ജനങ്ങളെയും ഒരുപോലെ ബാധിക്കുന്ന മഹാമാരികളിൽ നിന്നും പ്രകൃതിക്ഷോഭങ്ങളിൽ നിന്നും അവരെ രക്ഷിക്കാനുള്ള നേതൃത്വപാടവം എന്നിവയാണ് ഏതു സാധാരണക്കാരനും ഒരു നല്ല ഭരണാധികാരിയിൽ നിന്നും പ്രതീക്ഷിക്കുന്നത് . ഇതെല്ലാം യഥാസമയം നൽകിയ നേതാവിന് ജനങ്ങൾ തുടർഭരണം നൽകി. കേരളരാഷ്ട്രീയത്തിൽ പുതിയ ചരിത്രം സൃഷ്ടിച്ച ആദരണീയനായ സഖാവ്, പിണറായി വിജയന് ഹൃദയാഭിവാദ്യങ്ങൾ.

## മമ്മൂട്ടി (നടൻ)



നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ സ്ഥാനാർഥികൾക്കും ഭരണത്തുടർച്ചയിലേക്കു കടക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയനും അഭിനന്ദനങ്ങൾ.

## മോഹൻലാൽ (നടൻ)



നിയമസഭ തെരഞ്ഞെടുപ്പിൽ വിജയം കൈവരിച്ച പ്രിയപ്പെട്ട എല്ലാ സ്ഥാനാർഥികൾക്കും അഭിനന്ദനങ്ങൾ. ഭരണത്തുടർച്ചയിലേക്ക് കാൽവയ്ക്കുന്ന സർക്കാരിനും മുഖ്യമന്ത്രി പിണറായി വിജയൻ അവർകൾക്കും എന്റെ എല്ലാവിധ ആശംസകൾ .

## പ്രിയദർശൻ (സംവിധായകൻ)



നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ സ്ഥാനാർഥികൾക്കും ഭരണത്തുടർച്ചയിലേക്കു കടക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അഭിനന്ദനങ്ങൾ.

## രഞ്ജിത്ത് (സംവിധായകൻ )



ഉറപ്പിന്റെ മറ്റൊരു പേരാണ് പിണറായി. ലാൽ സലാം സഖാവെ

## വിധു വിൻസെന്റ് (സംവിധായിക)



കേരളത്തിലെ സാധാരണയിലും സാധാരണക്കാരായ ജനങ്ങളുടെ വോട്ട് നേടിയാണ് ഈ സർക്കാർ ഭരണത്തുടർച്ച നേടിയിരിക്കുന്നത് .പ്രതിസന്ധിയുടെ ഘട്ടത്തിൽ ഈ സർക്കാർ നമ്മളെ പട്ടിണിക്ക് ഇട്ടില്ലല്ലോ എന്ന ഒരു യാഥാർഥ്യത്തിലേക്കാണ് ശരിക്കും ജനങ്ങൾ കണ്ണു തുറന്നത്. ഇപ്പോഴത്തെ ഈ ദുരിത ഘട്ടത്തിലും നമുക്ക് ആകെ പ്രതീക്ഷ അർപ്പിക്കാൻ സർക്കാർ മാത്രമേ ഉള്ളൂ .വിശക്കുന്നവന്റെയും ദരിദ്രന്റെയും വിഷമങ്ങളും ഹൃദയസ്പന്ദനങ്ങളും തിരിച്ചറിയുന്ന ഒരു ഗവൺമെന്റ് ഇവിടെയുണ്ട് എന്നുള്ള ബോധ്യവും പ്രത്യാശയും തന്നെയാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്.


PWD


PWD



## സിദ്ധാർഥ് സൂര്യനാരായണൻ (തമിഴ്, തെലുങ്ക് നടൻ)

മലയാളികളെ എന്ന് എങ്ങനെ ഉച്ചരിക്കണമെന്ന് എനിക്കറിയാം. ശ്രീ. പിണറായി വിജയനെ സ്തുതിക്കുന്നു. പിന്നെ, അടിച്ചുപൊളിച്ചു കേരളം.



## പൃഥ്വിരാജ് സുകുമാരൻ (നടൻ)

മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നേതൃത്വം നൽകിയ എൽഡിഎഫിനും സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികൾക്കും അഭിനന്ദനങ്ങൾ. രാഷ്ട്രീയ വ്യത്യാസങ്ങളെ അടിസ്ഥാനമാക്കിയുള്ള എല്ലാ ആഖ്യാനങ്ങളുടെയും അന്ത്യം ഈ ദിവസം അടയാളപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. നാം എല്ലാവരും അഭിമുഖീകരിക്കുന്ന ഈ പ്രക്ഷുബ്ധമായ സമയങ്ങളിലൂടെ നമ്മെ നയിക്കാൻ ഭരണകൂട സംവിധാനങ്ങൾ അവിടത്തെ ജനങ്ങളോടൊപ്പം ഒരുമിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.



## ദുൽഖർ സൽമാൻ (നടൻ)

കഴിഞ്ഞ കുറച്ച് ആഴ്ചകൾ അത്ര സന്തോഷകരമായിരുന്നില്ല. ഓരോ ദിവസത്തേയും വാർത്തകൾ ദുഷ്കരമായിരുന്നു. അതിനെല്ലാം ഇടയിൽ ഈ ഭരണത്തുടർച്ച സന്തോഷമുള്ളതാകുന്നു. ഈ ചരിത്ര വിജയത്തിൽ ശ്രീ. പിണറായി വിജയനും ടീമിനും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. കേരളം പ്രയാസകരമായ അഭിമുഖീകരിച്ചപ്പോഴെല്ലാം നിങ്ങൾ മാതൃകാപരമായ നേതൃത്വം കാഴ്ചവച്ചു. നല്ലൊരു ഭാവിക്കായി കാത്തിരിക്കുന്നു.



## നിവിൻ പോളി (നടൻ)

കേരള നിയമസഭാ ഇലക്ഷനിലെ വിജയികൾക്ക് എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ. വിജയത്തിന് ശ്രീ പിണറായി വിജയൻ സാറിനും സർക്കാരിനും അഭിനന്ദനങ്ങൾ!



## മഞ്ജുവാര്യർ (നടി)

ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറ്റ് എല്ലാ ജനപ്രതിനിധികൾക്കും അഭിനന്ദനങ്ങൾ.



## ടൊവിനൊ തോമസ് (നടൻ )

ഭരണം നിലനിർത്തിയ സർക്കാരിനും വിജയിച്ച എല്ലാ സ്ഥാനാർഥികൾക്കും അഭിനന്ദനങ്ങൾ. ആശംസകൾ!



## ഇന്നസെന്റ് (നടൻ )

നാമെല്ലാം പ്രതീക്ഷിച്ച, ആഗ്രഹിച്ച പോലെ കേരളം ചുവന്നു. പേമാരിയിലും മഹാമാരിയിലും ഒലിച്ചു പോകാതെ മനുഷ്യനേയും സകല ജീവജാലങ്ങളേയും സംരക്ഷിച്ച കേരളത്തിന്റെ ക്യാപ്റ്റനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഈ നാട് ഇനിയും നയിക്കും. മതനിരപേക്ഷതയും ജനാധിപത്യവും ഉയർത്തിപ്പിടിച്ച കേരള ജനതക്ക് അഭിവാദനങ്ങൾ.


PWD


PWD



## ഉണ്ണി മുകുന്ദൻ (നടൻ )

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫിനും എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ



## ഇന്ദ്രജിത്ത് സുകുമാരൻ (നടൻ )

ഈ ചരിത്ര വിജയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സംഘത്തിനും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും അഭിനന്ദനങ്ങൾ, ആശംസകൾ.



## നവ്യാ നായർ (നടി)

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും, മറ്റ് എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.



## സംയുക്താ മേനോൻ (നടി)

രണ്ടാംവരവിന്റെ ചുവന്ന പുലരി. എങ്ങും വിരിയട്ടെ ചുവന്ന പൂക്കൾ. അഭിവാദ്യങ്ങൾ. വിശക്കാതെ, തളരാതെ, ആത്മവിശ്വാസത്തോടെ ചേർത്തു പിടിച്ചതിന് മലയാള മനസ്സ് നൽകുന്ന രണ്ടാമൂഴം. ലോകത്തിനു മുന്നിൽ അഭിമാനമായി ഉയർന്നു നിൽക്കാൻ പഠിപ്പിച്ചതിന്, മനുഷ്യരായി ചേർത്തു നിർത്തിയതിനു നന്ദി. തുടർഭരണത്തിന്റെ സന്തോഷത്തിൽ നിൽക്കുന്ന സർക്കാരിന് എല്ലാ ആശംസകളും.



## നീരജ് മാധവ് (നടൻ )

ഇടത് സർക്കാരിന് അഭിവാദ്യങ്ങൾ! ഇത് ചരിത്ര വിജയം. വർധിക്കുന്ന ആശങ്കകൾക്കിടയിൽ ഈ മഹാമാരിയെ അതിജീവിക്കാൻ നമുക്ക് സർക്കാർ നിർദേശങ്ങൾ പാലിച്ച് ഒരുമിച്ച് നിൽക്കാം.



## അനൂപ് മേനോൻ (നടൻ )

ചുവപ്പെന്നാണ് പേര്. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.


PWD


PWD

## മധുപാൽ (നടൻ, സംവിധായകൻ)



കഴിഞ്ഞ അഞ്ചു വർഷം ഈ സർക്കാർ എങ്ങനെയാണ് കേരളത്തിലെ ജനങ്ങളെയും അവരുടെ ജീവിതത്തെയും കണ്ടത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ തുടർഭരണം. ജനങ്ങൾക്ക് വേണ്ടി ഭരിക്കുന്ന സർക്കാരിനോടുള്ള ജനങ്ങളുടെ കൃത്യമായി വിശ്വാസമാണ് ഇതിലേക്ക് നയിച്ചത്. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് വേണ്ടി തുടങ്ങിവച്ചിട്ടുള്ള, അല്ലെങ്കിൽ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന പലകാര്യങ്ങളും തുടർന്നും ചെയ്യേണ്ടതുണ്ട്. ഉജ്ജ്വല വിജയം നേടിയ എൽ ഡി എഫ് സർക്കാരിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

## സജിൻ ബാബു (സിനിമാ സംവിധായകൻ, തിരക്കഥാ കൃത്ത്)



സർക്കാർ സാധാരണക്കാർക്കു വേണ്ടി നടത്തിയ മികച്ച പ്രവർത്തനങ്ങളുടെ ഗുണ ഫലമാണ് വലിയ ഭൂരിപക്ഷത്തോടുകൂടി ജനങ്ങൾ നൽകിയ ഭരണത്തുടർച്ച. താഴെക്കിടയിലെ ജനങ്ങളുടെ ജീവിത ദുരിതങ്ങൾ കണ്ടറിഞ്ഞുള്ള പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചു. കിറ്റ് കൊടുക്കലിലോ ക്ഷേമ പെൻഷൻ നൽകലിലോ മാത്രമായി ചുരുങ്ങുന്നതായിരുന്നില്ല സർക്കാരിന്റെ പ്രവർത്തനം. സമസ്ത മേഖലയിലും ശ്രദ്ധ എത്തിയതുകൊണ്ടാണ് വൻ ഭൂരിപക്ഷത്തോടെ വീണ്ടും ഇടതു സർക്കാർ അധികാരത്തിലെത്തിയത്.

## ഡോ. ബിജു ബാലകൃഷ്ണൻ (സംവിധായകൻ )



മാനവിക മൂല്യങ്ങളെ മുറുകെ പിടിച്ച് സാംസ്കാരിക ഇടങ്ങളെ സംരക്ഷിച്ച് സഹജീവി സ്നേഹത്തിന്റെ കരുതൽ പാഠങ്ങൾ സമൂഹത്തിൽ എല്ലാത്തരത്തിലും അറിയിച്ചുകൊണ്ട് ജനങ്ങളെ പട്ടിണിക്കിടാതെ ജനങ്ങൾക്ക് എല്ലാത്തരത്തിലും ആശ്രയിക്കാവുന്ന പൊതുവിടങ്ങളായി പൊതു വിദ്യാലയങ്ങളെ മാറ്റികൊണ്ട് ആരോഗ്യരംഗത്തെ മെച്ചപ്പെടുത്തിക്കൊണ്ട് കൃഷി ഭൂമികളിലേക്ക് എല്ലാ മനുഷ്യരേയും ഇറക്കിക്കൊണ്ട് സംരക്ഷണത്തിന്റെ വലിയ ഒരു കവചമാണ് പിണറായി സർക്കാർ കേരളത്തിൽ ചെയ്തത്. തങ്ങൾക്കൊപ്പം നിന്ന ഭരണകൂടത്തെ വീണ്ടും കൊണ്ടുവരാൻ ജനത തയ്യാറായി.

## അരുൺ ഗോപി (സംവിധായകൻ )



കേരളത്തെ ചുവപ്പിച്ച ഇടതുപക്ഷത്തിന് അഭിനന്ദനങ്ങൾ. ഇടതു സർക്കാർ അധികാരത്തിലേറുമ്പോൾ സ: എം. സ്വരാജ് ഇല്ലെന്നുള്ളത് കടുത്ത വേദന തന്നെയാണ്. പി. രാജീവ് സഖാവിന്റെയും ഷാഫി പറമ്പിലിന്റെയും വിജയത്തിൽ നിറഞ്ഞ സന്തോഷം

## സണ്ണി വെയ്ൻ (നടൻ )



കേരളത്തിൽ വീണ്ടും ഭരണത്തിലെത്തി ചരിത്രം സൃഷ്ടിച്ച സഖാവ് പിണറായി വിജയൻ സാറിനും എൽ. ഡി.എഫിനും അഭിനന്ദനങ്ങൾ. ഇന്ത്യയിലെ സാമുദായിക രാഷ്ട്രീയത്തിനെതിരെ പോരാടുന്നതിൽ കേരളം നമ്മെ നയിക്കുന്നു!


PWD


PWD
PWD



## സുരഭി ലക്ഷ്മി (നടി)

വിജയിച്ച എല്ലാ സ്ഥാനാർഥികൾക്കും അഭിനന്ദനങ്ങൾ. ഭരണം നിലനിർത്തിയ സർക്കാരിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ആശംസകൾ.



## ഗിന്നസ് പക്രു (നടൻ )

ചരിത്ര വിജയം കരസ്ഥമാക്കിയ സർക്കാരിന് അഭിവാദ്യങ്ങൾ. ഒപ്പം വിജയിച്ച എല്ലാ സ്ഥാനാർഥികൾക്കും പൊരുതി പിന്നിലായവർക്കും അഭിവാദ്യങ്ങൾ.

## രഞ്ജി പണിക്കർ (നടൻ, തിരക്കഥാകൃത്ത്)



പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാർ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊപ്പം ഉയർന്നു പ്രവർത്തിച്ചു. പ്രളയം, കോവിഡ് തുടങ്ങിയവ ഉണ്ടായപ്പോൾ വീടുകളിലേക്ക് സർക്കാരിന്റെ സഹായം എത്തി. കേരളത്തിൽ ഒരു സർക്കാർ ഉണ്ടെന്നും പ്രതിസന്ധി ഘട്ടത്തിൽ തങ്ങളെ സംരക്ഷിക്കുന്നവരാണ് അവരെന്നുമുള്ള വിശ്വാസം വോട്ടർമാരിലും ഉണ്ടായി. സർക്കാരിന്റെ തുറക്കാത്ത വാതിലുകളിൽ മുട്ടി ശീലിച്ചവർക്കു മുന്നിൽ സർക്കാർ തന്നെ സഹായവുമായി സാധാരണക്കാരുടെ അടുത്തെത്തി. അതിന്റെ പ്രതിഫലനമാണ് ഈ ജനവിധി.

## പി.കെ.ഗോപി (കവി, ഗാന രചയിതാവ്)



ഏഴകളുടെ തോഴരായിരിക്കുക, പൊതുസമൂഹത്തിന് വഴികാട്ടിയാവുക, ആപത്തുകളിൽ സംരക്ഷകരാവുക വെല്ലുവിളികളും പ്രതിസന്ധികളും മറികടക്കാൻ പ്രാപ്തി നേടാനാവുക, ദാരിദ്ര്യത്തിനും, പാർപ്പിടമില്ലായ്മക്കും പരിഹാരം കാണുക, വിദ്യാഭ്യാസവും ആതുര സേവനവും, കാർഷിക വ്യവസായിക രംഗങ്ങളും കാര്യക്ഷമമാക്കുക, റോഡും ഗതാഗതവും സുഗമമാക്കുക തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാരിനു കഴിഞ്ഞു. അതുകൊണ്ടാണ് സമ്മതിദാന അവകാശം നൽകി ജനങ്ങൾ ഈ സർക്കാരിനെ വിജയിപ്പിച്ചത്.

## വിധു പ്രതാപ് (ചലച്ചിത്ര പിന്നണി ഗായകൻ )



ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ രണ്ടാം ഇന്നിംഗ്സിന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ. നമ്മുടെ സംസ്ഥാനത്തിന്റെ പ്രതീക്ഷാനിർഭരമായ ഭാവിക്കായി കാത്തിരിക്കുന്നു.



## രാമചന്ദ്ര പുലവർ (തോൽപ്പാവക്കൂത്ത് കലാകാരൻ)

കേരളത്തിലെ ഇടതു സർക്കാരിന്റെ തുടർഭരണം പുതിയൊരു യുഗപ്പിറവിയുടെ ആരംഭമാണ് . ദുരന്തങ്ങളെ നേരിടുന്നതിലും പാവങ്ങളുടെ കണ്ണീരൊപ്പുന്നതിലും ഈ സർക്കാർ ശ്രദ്ധ വച്ചു . മികച്ച ഏകോപനമാണ് ഈ ഘട്ടത്തിൽ സർക്കാരിൽ നിന്നും ഉണ്ടായത് . കലാകാരന്മാർക്കു ഈ സർക്കാർ അർഹിക്കുന്ന അംഗീകാരങ്ങളും സഹായ ങ്ങളും നൽകി സാംസ്കാരിക രംഗത്തു ഉണർവ് പകർന്നു .അതിജീവനകാലത്ത് ഇനിയും വലിയ കൈത്താങ്ങു തന്നെയാകും പിണറായി വിജയൻ സർക്കാർ എന്ന കാര്യം ഉറപ്പാണ്. പുതിയ സർക്കാരിന് എല്ലാ നന്മകളും നേരുന്നു.



## ഗായത്രി (നടി)

ദുരന്തങ്ങളുടെയും മഹാമാരികളുടെയും കാലത്ത് ജനങ്ങളോട് എങ്ങനെ ചേർന്നു നിൽക്കണം എന്നു കാണിച്ചു തന്ന സർക്കാരാണിത്. പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, പശ്ചാത്തല വികസനം തുടങ്ങി ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ സർക്കാരിന് സാധിച്ചു. എല്ലാ അർഥത്തിലും പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഭരണത്തെ അനുഭവവേദ്യമാക്കാനായി. കൂടുതൽ നന്മകൾക്കായി പ്രവർത്തിക്കാൻ ഈ ജനവിധി സഹായകമാകും.



## പ്രദീപ് പ്രഭാകർ (നടൻ)

ഈ ചരിത്ര വിജയം മഹാമാരിയുടെ കാലത്ത് ജനങ്ങളുടെ പ്രതീക്ഷകൾക്കപ്പുറത്ത് നിന്ന് സംരക്ഷിച്ചതിനും ഒപ്പം നിന്നതിനും നൽകിയ അംഗീകാരമാണ്.
ഒരു നേതാവ് എന്ന നിലയിൽ മുഖ്യമന്ത്രിയുടെ വിജയം കൂടിയാണിത്. എല്ലാ രംഗങ്ങളിലും ഈ സർക്കാരിന് മുന്നേറാനായി. വിദ്യാസമ്പന്നരായ ജനങ്ങളുടെ നാടായ തിനാൽ അവർക്കു കൂടുതൽ തൊഴിൽ ഉറപ്പാക്കാൻ ഈ രണ്ടാമൂഴത്തിലൂടെ സർക്കാരിന് സാധിക്കട്ടെ.



## ഡോ .വിന്ദുജ മേനോൻ (നടി)

വനിതാ ഉന്നമനമെന്നും സ്ത്രീസമത്വമെന്നും പ്രസംഗിക്കുന്നവർ ഏറെയുണ്ടെങ്കിലും അത് യാഥാർഥ്യമാക്കുന്നവർ കുറവാണ്. എന്നാൽ പിണറായി വിജയൻ സർക്കാർ അത് യാഥാർഥ്യമാക്കി. ഇപ്പോൾ പുതിയ സർക്കാർ മൂന്ന് സ്ത്രീകളെ മന്ത്രിമാരാക്കി അതിനെ ശക്തിപ്പെടുത്തുകയാണ്. സാംസ്കാരിക രംഗത്തെ ഉൾത്തുടിപ്പുകൾ അറിയുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ പുതിയ സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു.



## പ്രശാന്ത് അലക്സാണ്ടർ (നടൻ)

പ്രതിസന്ധികാലത്ത് ഒപ്പം ഉണ്ടായിരുന്ന ഒരു സർക്കാരിന്റെ നന്മയുള്ള പ്രവർത്തനം തിരിച്ചറിഞ്ഞുള്ള ജനങ്ങളുടെ പ്രതികരണമാണ് എൽ ഡി എഫ് സർക്കാരിന് ലഭിച്ച ഉജ്ജ്വല വിജയം. പ്രകൃതി ദുരന്തങ്ങൾ ഉയർത്തുന്ന പ്രതിസന്ധികളെ മുൻകൂട്ടി കണ്ടു കരുതലോടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ തുടർന്നും സർക്കാരിന് കഴിയട്ടെ. എല്ലാ ആശംസകളും നേരുന്നു.

ഡോ.ജെ.പ്രഭാഷ്



## തെരഞ്ഞെടുപ്പ് 2021

# ദിശ മാറുന്ന കേരള രാഷ്ട്രീയം

കേരള രാഷ്ട്രീയത്തിന്റെ ദിശാമാറ്റത്തെ അടയാളപ്പെടുത്തുന്നതാണ് 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പ്. ഒരുവേള, മലയാളിയുടെ രാഷ്ട്രീയ ബോധത്തെത്തന്നെ അത് പുനർനിർവചിച്ചു എന്നു പറയുന്നതാവും കൂടുതൽ ശരി. ജനവിധി നമ്മുടെ മാധ്യമ സംസ്കാരത്തെയും ചെറുതായല്ല പ്രതിക്കൂട്ടിലാക്കിയിരിക്കുന്നത്. മാധ്യമങ്ങളുടെ തീർപ്പുകൾ ജനങ്ങളുടെ തീർപ്പുകൾ ആകുന്നില്ലെന്ന് പ്രഖ്യാപിക്കുക വഴി, തെരഞ്ഞെടുപ്പു ഫലം അവർക്ക് മുന്നിൽ സ്വയം വിമർശനത്തിന്റെ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നു. 1959 ലെ വിമോചന സമരത്തിൽ നിന്ന് 2021ലെ അസംബ്ലി തെരഞ്ഞെടുപ്പിലെത്തിയപ്പോൾ മലയാളി സമ്മതിദാന സമൂഹത്തിനുണ്ടായ മാറ്റം അത്ര വലുതാണ്.

ഇക്കുറി സംസ്ഥാനത്തെ രണ്ട് പ്രബലമുന്നണികളായ ഇടതു ജനാധിപത്യ മുന്നണിയും(എൽ.ഡി.എഫ്) ഐക്യ ജനാധിപത്യ മുന്നണിയും(യു.ഡി.എഫ്) തമ്മിലുള്ള മത്സരം, ഒരർഥത്തിൽ, ചരിത്രം കുറിക്കാനും ചരിത്രത്തെ വീണ്ടെടുക്കാനുമുള്ളതായിരുന്നു. അഞ്ചുവർഷം അധികാരത്തിൽ ഇരിക്കുന്ന കക്ഷിക്ക്/മുന്നണിക്ക് തുടർഭരണം നിഷേധിക്കുന്നതാണ് മലയാളിയുടെ പൊതു സ്വഭാവം. ഇതിന് അപവാദമായി നിൽക്കുന്നത് കോൺഗ്രസ് നേതൃത്വം നൽകിയ മുന്നണി വീണ്ടും അധികാരത്തിലേറിയ 1977ലെ തെരഞ്ഞെടുപ്പ് മാത്രമാണ്. അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിലായിരുന്നു പ്രസ്തുത തെരഞ്ഞെടുപ്പ് അരങ്ങേറിയത് എന്ന കാര്യം സ്മരണീയമാണ്. എന്നാൽ, അതിനുശേഷം കേരളം വീണ്ടും അതിന്റെ പതിവ് രാഷ്ട്രീയശൈലിയിലേക്ക് മടങ്ങിപോവുകയാണ് ഉണ്ടായത്. ഇതിന് വിരാമംകുറിച്ച് വീണ്ടും അധികാരത്തിലേറി ചരിത്രം സൃഷ്ടിക്കാനാണ് എൽ.ഡി.എഫ് ഇക്കുറി ശ്രമിച്ചതെങ്കിൽ, അതിനവസരം നൽകാതെ മുന്നണികളെ മാറിമാറി പരീക്ഷിക്കുന്ന മലയാളിയുടെ പതിവ് ചരിത്രം വീണ്ടെടുക്കാനാണ് യു.ഡി.എഫ് പരിശ്രമിച്ചത്. എൻ.ഡി.എ ആകട്ടെ ഇരു മുന്നണികൾക്കും ഇടയിൽ നിലയുറപ്പിച്ച് തങ്ങളുടെ രാഷ്ട്രീയാടിത്തറ ബലപ്പെടുത്താനും ഉദ്യമിച്ചു. എന്നാൽ, തെരഞ്ഞെടുപ്പു ഫലം കാണിക്കുന്നത് കേരളം ചരിത്രത്തോടൊപ്പം നടക്കുന്നതിനുപകരം

വർത്തമാനകാല രാഷ്ട്രീയ യാഥാർഥ്യങ്ങൾക്കൊപ്പം നിൽക്കാനാണ് തീരുമാനിച്ചത് എന്നാണ്. വർത്തമാനം ചരിത്രത്തെ തോൽപ്പിച്ച അപൂർവ്വ കാഴ്ച.

## തെരഞ്ഞെടുപ്പ് ഫലം

അവിസ്മരണീയമായ വിജയമാണ് ഇക്കുറി ഇടതുപക്ഷത്തിന്റേത്. ഈ അവിസ്മരണീയത മറുവശത്ത് ഐക്യമുന്നണിയുടെയും ദേശീയ ജനാധിപത്യം സഖ്യത്തിന്റെയും പരാജയത്തിന്റെ ആഴം വർധിപ്പിച്ചു. 140ൽ 99 സീറ്റുകൾ (70.71%) നേടി ഒരുമുന്നണി തുടർഭരണം നേടുന്നത് ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ വിരളമായി സംഭവിക്കുന്ന ഒന്നാണ്. എന്നാൽ അതാണ് ഇപ്പോൾ കേരളത്തിൽ സംഭവിച്ചത്.

### വോട്ടും സീറ്റും: മുന്നണികളും മറ്റുള്ളവരും

| മുന്നണി / മറ്റുള്ളവർ | വോട്ട്( ശതമാനം) | സീറ്റ് |
|---|---|---|
| എൽ.ഡി. എഫ് | 45.43 (43.42) | 99 (91) |
| യു.ഡി.എഫ് | 39.47 (38.6) | 41 (47) |
| എൻ.ഡി.എ | 12.53 (14.65) | ഇല്ല (01) |
| മറ്റുള്ളവർ | 02.57 (03.3) | ഇല്ല (01) |

**പട്ടിക:1**

**കുറിപ്പ്: 2016 ലെ ഫലം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു.**

തെരഞ്ഞെടുപ്പിന്റെ സമസ്ത മേഖലകളിലും ഇടതുമുന്നണി ആധിപത്യം സ്ഥാപിച്ചിരിക്കുന്നു എന്നാണ് ഫലം വെളിപ്പെടുത്തുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ എട്ട് സീറ്റും രണ്ടു ശതമാനത്തിലധികം വോട്ടുമാണ് ഇത്തവണ അതിന് കൂടുതലായി ലഭിച്ചത്. വോട്ടിന്റെ കാര്യത്തിൽ യു.ഡി.എഫിനും നേട്ടം ഉണ്ടായെങ്കിലും (+0.87%) സീറ്റിന്റെ കാര്യത്തിൽ സംഭവിച്ച ഇടിവ് ചെറുതല്ല (06). ഇതിനെക്കാൾ കനത്ത പ്രഹരമാണ് എൻ.ഡി.എ ഏറ്റുവാങ്ങിയത്. കഴിഞ്ഞ തവണത്തെക്കാൾ വോട്ട് കുറഞ്ഞു (2.12%)എന്നു മാത്രമല്ല, അന്ന് നേടിയ ഏക സീറ്റും കൈമോശം വന്നു.

മേഖലാടിസ്ഥാനത്തിൽ നോക്കിയാൽ, ഇടതുപക്ഷം ഏറ്റവുമധികം നേട്ടം കൊയ്തത് തെക്കൻ കേരളത്തിലാണെന്ന് കാണാം (പട്ടിക: 2). ആകെയുള്ള സീറ്റിന്റെ തൊണ്ണൂറു ശതമാനവും മുന്നണി കയ്യടക്കി. തിരിച്ചു പറഞ്ഞാൽ യു.ഡി.എഫിന് വെറും പത്ത് ശതമാനം സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. എണ്ണം വച്ച് നോക്കിയാൽ ഇത്, യഥാക്രമം, 38 ഉം നാലും. മധ്യകേരളത്തിൽ 33ഉം 17 ഉം ആണെങ്കിൽ വടക്കൻ കേരളത്തിൽ 28 ഉം 20 ഉം ആണ്. വടക്കൻ കേരളത്തിലാണ് ഇരുമുന്നണികൾക്കും ഏറ്റവും കൂടുതൽ വോട്ട് ലഭിച്ചത് എന്നതും ശ്രദ്ധേയമാണ്–45.8% ( എൽ.ഡി.എഫ്), 42.4% (യു.ഡി.എഫ്). എൻ.ഡി.എ നേട്ടം കൈവരിച്ചത് തെക്കൻ കേരളത്തിലും 15.5%.

ജില്ലകളിൽ, മലപ്പുറം, എറണാകുളം, വയനാട് ഒഴികെയുള്ള പതിനൊന്നിടത്തും ഇടതുപക്ഷത്തിന്റെ തേരോട്ടമായിരുന്നു എന്നുവേണമെങ്കിൽ പറയാം. പ്രത്യേകിച്ച് പത്തനംതിട്ട, തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കൊല്ലം ജില്ലകളിൽ(പട്ടിക:3). ഇതിൽ പത്തനംതിട്ടയിൽ മുഴുവൻ സീറ്റും നേടി. തിരുവനന്തപുരത്തേയും തൃശൂരിലേയും ആലപ്പുഴയിലേയും കോഴിക്കോട്ടേയും പാലക്കാട്ടേയും കണ്ണൂരിലെയും അവസ്ഥയും ഏതാണ്ട് ഇതിന് സമാനമാണ്. ഐക്യ ജനാധിപത്യ മുന്നണി ഏറ്റവുമധികം നേട്ടമുണ്ടാക്കിയത് മലപ്പുറത്തും എറണാകുളത്തുമാണ്. ഇടതുപക്ഷത്തിന് ലഭിച്ച സീറ്റിൽ മുക്കാൽ പങ്കും (77) മുൻപ് സൂചിപ്പിച്ച ഏഴ് ജില്ലകളുടെ സംഭാവനയാണ്. ശതമാനകണക്കിന് നോക്കിയാൽ 78 യു.ഡി.എഫിന് ഇത് മലപ്പുറവും എറണാകുളവുമാണ്, ആകെ ലഭിച്ച സീറ്റിന്റെ 51 ശതമാനം.

പാർട്ടികളിൽ ഏറ്റവും തിളക്കമാർന്ന വിജയം സി.പി.എമ്മിന് അവകാശപ്പെട്ടതാണ്. ആകെയുള്ള 140 സീറ്റിൽ 67 എണ്ണമാണ് പാർട്ടി നേടിയത്, 48 ശതമാനം കേവലഭൂരിപക്ഷത്തിന് വെറും നാല് സീറ്റിന്റെ കുറവ്. 2016 നെ അപേക്ഷിച്ച് ഇത് നാല് സീറ്റ് അധികവുമാണ്. ഇത്തവണ മുൻ തെരഞ്ഞെടുപ്പിൽ ലഭിച്ച സീറ്റിനെക്കാൾ കൂടുതൽ സീറ്റ് നേടിയ ഒരേ ഒരു പാർട്ടി സി.പി.എം ആണെന്നതും അതിന്റെ വിജയത്തിന്റെ തിളക്കം വർധിപ്പിക്കുന്നു. എന്നാൽ അതേസമയം, ഇടതുമുന്നണിയിലെ രണ്ടാമത്തെ വലിയ കക്ഷിയായ സി.പി.ഐ യുടെ അംഗബലം 19ൽ നിന്ന് 17 ആയി ചുരുങ്ങുകയും ചെയ്തു. പന്ത്രണ്ട് സീറ്റിൽ മത്സരിച്ച കേരള കോൺഗ്രസ്(എം)ന് ലഭിച്ചതാകട്ടെ അഞ്ച് സീറ്റും.

ഐക്യ ജനാധിപത്യ മുന്നണിയിലേക്ക് വന്നാൽ, കോൺഗ്രസിന് ഒരു സീറ്റും മുസ്‌ലീം ലീഗിന് മൂന്ന് സീറ്റുമാണ് ഇക്കുറി കൈമോശം വന്നത്. കേരളത്തിൽ പ്രതിപക്ഷ പാർട്ടികൾക്ക് സീറ്റ് നഷ്ടപ്പെടുന്നത് വിരളമാണെന്ന വസ്തുത കണക്കിലെടുത്താൽ ഇരുപാർട്ടികളും നേരിടുന്ന പ്രതിസന്ധിയുടെ ആഴം ബോധ്യമാവും. കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിന്റെ കാര്യവും പരിങ്ങലിലാണ്. പത്ത് സീറ്റിൽ മത്സരിച്ചപ്പോൾ ആകെ വിജയിച്ചത് കേവലം രണ്ട് സീറ്റിൽ–പത്ത് ശതമാനം.

വോട്ടിന്റെ കാര്യത്തിലും സി.പി.എം തന്നെയാണ് മുൻപന്തിയിൽ 25.4%. കോൺഗ്രസിനെ (25.1%) അപേക്ഷിച്ച് 0.3 ശതമാനത്തിന്റെ വ്യത്യാസം. എന്നാൽ, കോൺഗ്രസിനെക്കാൾ (93) ഏഴ് സീറ്റ് കുറച്ച് (86) മത്സരിച്ചിട്ടാണ് സി.പി.എം ഈ നേട്ടം കൈവരിച്ചത് എന്നകാര്യം ഇതിനോട് ചേർത്ത് വായിക്കേണ്ടിയിരിക്കുന്നു. 113 മണ്ഡലങ്ങളിൽ മത്സരിച്ച ബി.ജെ.പി യാണ് വോട്ടിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനത്ത് -11.3%. മറ്റു പാർട്ടികളിൽ, മുസ്‌ലീം ലീഗിന് 8.3% ഉം സി.പി ഐക്ക് 7.6% ഉം കെ.സി.എമ്മിന് 3.2% ഉം ലഭിച്ചു.

വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിലും ഒരു സവിശേഷതയുണ്ട്. കേരള നിയമസഭയിലേക്ക് ഏറ്റവുമധികം വനിതകൾ(13) തിരഞ്ഞെടുക്കപ്പെട്ട 1996 ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ, സ്ത്രീ പ്രാതിനിധ്യം രണ്ടക്കം തൊടുന്നത് ഇപ്പോഴാണ്. പതിനൊന്ന് വനിതകളാണ് ഇക്കുറി സഭയിൽ എത്തിയിരിക്കുന്നത്. ഇതിൽ എട്ടുപേരും സി.പി.എമ്മുകാർ ആണെന്ന മറ്റൊരു പ്രത്യേകതയുമുണ്ട്. ശേഷിക്കുന്നവരിൽ, രണ്ടു പേർ സി.പി.ഐക്കാരും, ഒരാൾ ആർ.എം.പി അംഗവുമാണ്. ഈ തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഭൂരിപക്ഷം ലഭിച്ചത് ഒരു വനിതയ്ക്കാണെന്നതും ശ്രദ്ധേയമാണ്. കെ.കെ. ശൈലജ(60,963 വോട്ട്)

## ജനവിധിയുടെ പൊരുൾ

ജനങ്ങൾ രാഷ്ട്രീയത്തെ സമീപിക്കുന്നത് ചില സവിശേഷ രീതികളിലാണ്. തങ്ങൾക്ക് നിർവചിക്കാനും മനസിലാക്കാനും കഴിയുന്ന വസ്തുതകൾ അവർ രാഷ്ട്രീയത്തിൽ പരാതി കണ്ടെത്തുകയും അതിന്റെ

## തെരഞ്ഞെടുപ്പ് ഫലം: പ്രാദേശികാടിസ്ഥാനത്തിൽ

| പ്രദേശം | എൽ.ഡി.എഫ് | യു. ഡി.എഫ് | എൻ.ഡി.എ | മറ്റുള്ളവർ |
|---|---|---|---|---|
| വടക്കൻ കേരളം | 28 (45.8) | 20 (42.4) | ഇല്ല (9.7) | ഇല്ല (2.1) |
| മധ്യ കേരളം | 33 (44.8) | 17 (38.4) | ഇല്ല (12.9) | ഇല്ല (3.9) |
| തെക്കൻ കേരളം | 38 (45.3) | 04 ( 36.9) | ഇല്ല (15.5) | ഇല്ല (2.3) |
| ആകെ | 99 (45.43) | 41 (39.47) | ഇല്ല (12.53) | ഇല്ല (2.57) |

**പട്ടിക: 2** **കുറിപ്പ്: വോട്ട് വിഹിതം ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു**

## സീറ്റുകൾ: ജില്ലാടിസ്ഥാനത്തിൽ

| ജില്ല | എൽ.ഡി.എഫ് | യുഡി.എഫ് |
|---|---|---|
| കാസർകോട് | 03 | 02 |
| കണ്ണൂർ | 09 | 02 |
| വയനാട് | 01 | 02 |
| കോഴിക്കോട് | 11 | 02 |
| മലപ്പുറം | 04 | 12 |
| പാലക്കാട് | 10 | 02 |
| തൃശൂർ | 12 | 01 |
| എറണാകുളം | 05 | 09 |
| ഇടുക്കി | 04 | 01 |
| കോട്ടയം | 05 | 04 |
| ആലപ്പുഴ | 08 | 01 |
| പത്തനംതിട്ട | 05 | ഇല്ല |
| കൊല്ലം | 09 | 02 |
| തിരുവനന്തപുരം | 13 | 01 |

**പട്ടിക: 3**

വെളിച്ചത്തിൽ വോട്ടിങ് തീരുമാനത്തിൽ എത്തുകയും ചെയ്യുന്നു എന്നാണ് പറഞ്ഞു വരുന്നത്. ഇക്കുറി അവർ അന്വേഷിച്ചത് ഗവൺമെന്റിന്റെ നന്മകളെക്കുറിച്ചാണ്, ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച്. അതുകൊണ്ട്, സ്വാഭാവികമായും, അതിനെതിരെ ഉയർന്ന ആരോപണങ്ങൾ അവർ ഗൗനിച്ചില്ലെന്ന് മാത്രമല്ല, അവയെ നിർദ്ദാക്ഷിണ്യം തള്ളിക്കളയുകയും ചെയ്തു.

ഗവൺമെന്റിൽ കേരളസമൂഹം കണ്ടത് ആപത്തുകാലത്ത് അതിന് കൈത്താങ്ങായി വർത്തിക്കുന്ന ഒരു സംരക്ഷകനെയാണ്. ഇതിനെ ക്ഷേമ പെൻഷനും സൗജന്യ റേഷൻകിറ്റുമായി കുറച്ചു കാണുന്നതും ശരിയല്ല. അത് പ്രധാനമായിരിക്കുമ്പോൾ ത്തന്നെ, ജനങ്ങൾ അതിനപ്പുറം കടന്ന് ഗവൺമെന്റ് നടപ്പിലാക്കിയ വികസന പദ്ധതികളേയും, മഹാമാരിയും പ്രളയംപോലുള്ള പ്രകൃതി ദുരന്തങ്ങളും നേരിടുന്നതിൽ അത് വഹിച്ച നേതൃത്വപരമായ പങ്കിനേയും വിലയിരുത്തി വോട്ട് ചെയ്തു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ചെയ്തത് എന്ന കാര്യവും അവർ ഗൗരവത്തോടെ കാണുകയുണ്ടായി. പോരെങ്കിൽ, രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും ഗണ്യമായി കുറഞ്ഞിരുന്നൊരു കാലഘട്ടവുമായിരുന്നു കഴിഞ്ഞ അഞ്ചു വർഷം. ഇച്ഛാശക്തിയുണ്ടെങ്കിൽ കാര്യങ്ങൾ നടത്താനാവും എന്ന സന്ദേശമാണ് ഇതിൽ നിന്നെല്ലാം അവർ വായിച്ചെടുത്തത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു മാസ്റ്റർ നറേറ്റീവും ( master narrative) ഒരു മാസ്റ്റർ നറേറ്ററും (master narrator) ഉണ്ടായിരുന്നു എന്നതും ഇവിടെ കണക്കിലെടുക്കേണ്ട ഘടകമാണ്. പറയാനുള്ള കാര്യങ്ങൾ പറയാനുള്ള സമയത്ത് കുറഞ്ഞ വാക്കിൽ കൃത്യമായും ജനങ്ങൾക്ക് മനസിലാകുന്ന രീതിയിലും പറയാൻ മുഖ്യമന്ത്രി പിണറായി വിജയന് കഴിഞ്ഞു എന്ന തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തെ അദ്ദേഹം മുന്നിൽ നിന്ന് നയിച്ച അനുഭവം കൂടി ആയതോടെ ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ മുഖവിലയ്ക്കെടുക്കാൻ തയ്യാറായി. ഈ തെരഞ്ഞെടുപ്പു വിധി കേരള രാഷ്ട്രീയത്തിലെ ഒരു ദിശാമാറ്റത്തിന്റെ സൂചനയാണ്. ഗവൺമെന്റിന്റെയും പ്രതിപക്ഷത്തിന്റെയും ചെയ്തികൾ ഒരു പോലെ വിലയിരുത്തപ്പെടുന്നൊരു രാഷ്ട്രീയ സംസ്കാരം കേരളത്തിൽ രൂപപ്പെട്ടിരിക്കുന്നു. മാധ്യമങ്ങളുടെയും പ്രതിപക്ഷത്തിന്റെയും വിമർശനത്തേക്കാൾ ജനങ്ങൾ കാതോർക്കുന്നതും കണ്ണ് തുറക്കുന്നതും, ഗവൺമെന്റിന്റെ പറച്ചിൽ കേൾക്കാനും പ്രവൃത്തികൾ കാണാനുമാണ് എന്നതും ഈ പുതിയ രാഷ്ട്രീയ സംസ്കാരത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്.■

## തെരഞ്ഞെടുപ്പുഫലം: പാർട്ടി അടിസ്ഥാനത്തിൽ

| എൽ.ഡി.എഫ് | ലഭിച്ച സീറ്റ് | യു ഡി .എഫ് | ലഭിച്ച സീറ്റ് |
|---|---|---|---|
| സി.പി.എം | 67 (63) | കോൺഗ്രസ് | 21 (22) |
| സി.പി.ഐ | 17 (19) | മുസ്‌ലിം ലീഗ് | 15 (18) |
| കെ.സി.എം | 05 | കെ.സി.ജെ | 02 |
| ജെ.ഡി.എസ് | 02 (03) | എൻ.സി. കെ | 01 |
| എൻ.സി.പി | 02 (02) | കെ.സി(ജേക്കബ്) | 01 (01) |
| മറ്റുള്ളവർ | 06 (04) | മറ്റുള്ളവർ | 01 (00) |
| ആകെ | 99 (91) | ആകെ | 41 (47) |

**പട്ടിക: 4** **കുറിപ്പ്: ബ്രാക്കറ്റിൽ നൽകിയിരിക്കുന്നത് 2016 ലെ ഫലം. യു ഡി.എഫിന്റെ 47ൽ കെ.സി.എമ്മിന്റെ ആറ് സീറ്റും ഉൾപ്പെട്ടിരിക്കുന്നു.**

ഓർമ

പിണറായി വിജയൻ
മുഖ്യമന്ത്രി

## ജീവിതം വിമോചന പോരാട്ടമാക്കിയ

# ധീരനായിക

**സ്വന്തം ജീവിതം സഫലമാവുന്നത്, അന്യജീവന് ഉതകുമ്പോഴാണ് എന്നു പറയുമല്ലൊ. ഇതു മാനദണ്ഡമാക്കിയാൽ, ഇതുപോലെ സഫലമായ ജീവിതം മറ്റ് അധികം പേർക്കുണ്ടാവില്ല. വിദ്യാർഥി ജീവിതഘട്ടത്തിൽ തന്നെ കർമരംഗത്തേക്കും സമരരംഗത്തേക്കുമിറങ്ങി. നൂറുവയസ്സു പിന്നിട്ട ഘട്ടത്തിലും ഗൗരിയമ്മ നമുക്കിടയിൽ തന്നെയുണ്ടായിരുന്നു. വെള്ളത്തിൽ മത്സ്യം എന്ന പോലെ, ജനങ്ങൾക്കിടയിൽ ജീവിച്ചു എന്നും ഗൗരിയമ്മ.**

സ്വന്തം ജീവിതത്തെ നാടിന്റെ മോചനത്തിനുള്ള പോരാട്ടത്തിന്റെ വീരേതിഹാസമായി മാറ്റിയ ധീരനായികയാണ് കെ.ആർ. ഗൗരിയമ്മ. എല്ലാവിധ ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കാനും സമത്വത്തിലധിഷ്ഠിതമായ ഒരു വ്യവസ്ഥിതി സ്ഥാപിച്ചെടുക്കാനും വേണ്ടിയുള്ള നിരന്തര പോരാട്ടങ്ങൾക്കായി സമർപ്പിതമായ ജീവിതമായിരുന്നു ഗൗരിയമ്മയുടേത്.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അവർ വഹിച്ച പങ്ക് സമാനതകളില്ലാത്തതാണ്. ധീരയായ പോരാളിയും സമർഥയായ ഭരണാധികാരിയും ആ വ്യക്തിത്വത്തിൽ ഒരുമിച്ചു. ആധുനിക കേരളത്തിന്റെ ചരിത്രം അവരുടെ ജീവചരിത്രം കൂടിയാണ്. പോരാട്ടങ്ങൾക്ക് നിത്യ പ്രചോദനമാണ് അവരുടെ മാതൃകാപരമായ ജീവിതം.

നൂറുവർഷം ജീവിക്കാൻ കഴിയുക എന്നത് അപൂർവം പേർക്കു മാത്രം സാധ്യമാവുന്ന ഒന്നാണ്. ഈ ജീവിതഘട്ടത്തിലാകെ ബോധത്തെളിച്ചത്തോടെ കഴിയുക, പരാധീനത്തിലല്ലാതെ കഴിയുക, മറ്റുള്ളവർക്കു സഹായകരമായി കഴിയുക തുടങ്ങിയവയൊക്കെ സാധ്യമാവുന്നതാകട്ടെ അത്യപൂർവം പേർക്കാണ്.

ആ അത്യപൂർവം പേരിൽപ്പെടുന്നു കേരളത്തിലെ ധീരനായികയായ കെ ആർ ഗൗരിയമ്മ. ഇങ്ങനെയൊരാൾ നമുക്കുണ്ടായിരുന്നു എന്നതു തീർച്ചയായും നമ്മുടെ വലിയ ഒരു ധന്യതയാണ്. ഗൗരിയമ്മയുടെ കാലത്തു ജീവിക്കാൻ കഴിഞ്ഞു എന്നത് ഏതൊരു മലയാളിയുടെയും അഭിമാനമാണ്.

അനുഭവങ്ങളുടെ അതിസമ്പന്നമായ പശ്ചാത്തലത്തോടെ നമ്മുടെ സാമൂഹ്യജീവിതത്തിനു മാർഗനിർദേശം നൽകാൻ കഴിഞ്ഞ മാതൃകാ വ്യക്തിത്വം എന്നുവേണം ഗൗരിയമ്മയെ വിശേഷിപ്പിക്കാൻ. ഇത്ര ദീർഘമായ, തീവ്രമായ അനുഭവങ്ങളുള്ള മറ്റൊരാൾ കേരളത്തിലുണ്ടായിരുന്നില്ല. ആ നിലയ്ക്ക് അങ്ങേയറ്റം അസാധാരണവും താരതമ്യമില്ലാത്തതുമാവുന്നു ഗൗരിയമ്മയുടെ ജീവിതം. ആധുനിക കേരളത്തിന്റെ ചരിത്രവുമായി വേർപെടുത്താനാവാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നു ഗൗരിയമ്മയുടെ ജീവിതം.

സ്വന്തം ജീവിതം സഫലമാവുന്നത്, അന്യജീവന് ഉതകുമ്പോഴാണ് എന്നു പറയുമല്ലൊ. ഇതു മാനദണ്ഡമാക്കിയാൽ, ഇതുപോലെ സഫലമായ



വര: ദീപക് മൗത്താട്ടിൽ

ജീവിതം മറ്റ് അധികം പേർക്കുണ്ടാവില്ല. വിദ്യാർഥി ജീവിതഘട്ടത്തിൽ തന്നെ കർമരംഗത്തേക്കും സമരരംഗത്തേക്കുമിറങ്ങി. നൂറുവയസ്സു പിന്നിട്ട ഘട്ടത്തിലും ഗൗരിയമ്മ നമുക്കിടയിൽ തന്നെയുണ്ടായിരുന്നു. വെള്ളത്തിൽ മത്സ്യം എന്ന പോലെ, ജനങ്ങൾക്കിടയിൽ ജീവിച്ചു എന്നും ഗൗരിയമ്മ.

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ വർത്തമാന കാല രാഷ്ട്രീയഘട്ടവുമായി ബന്ധപ്പെടുത്തുന്ന അപൂർവം

കണ്ണികളേ ഉണ്ടായിരുന്നുള്ളു. അതിലെ വിലപ്പെട്ട കണ്ണിയായിരുന്നു ഗൗരിയമ്മ. അന്നത്തെ അനുഭവങ്ങളെ മനസ്സിൽ വെച്ച് ഭാവിയെക്കുറിച്ച് അഭിപ്രായം പറയാൻ കഴിയുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇവിടെയാണ് ഗൗരിയമ്മയുടെ പ്രസക്തി നാം കൂടുതൽ തിരിച്ചറിയുന്നത്. അതുകൊണ്ടാണ് ഗൗരിയമ്മയുടെ അഭാവം നാടിന്റെയാകെ നികത്താനാവാത്ത നഷ്ടമായി മാറുന്നത്.

ധീരതയുടെ പ്രതീകമായാണു ഗൗരിയമ്മയെ കേരളം എന്നും കണ്ടിട്ടുള്ളത്. സർ സി പിയുടെ കാലത്തേ പൊലീസിന്റെ ഭേദ്യം അനുഭവിക്കേണ്ടി വന്നിട്ടുള്ള അവർക്ക്, സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഘട്ടത്തിലും പൊലീസിൽ നിന്ന് ഒട്ടേറെ യാതനാനുഭവങ്ങളുണ്ടായി. ചെറുത്തുനിൽപ്പിന്റെ കരുത്തുറ്റ ധീരബിംബമായി ഗൗരിയമ്മ അങ്ങനെ മാറി. ആ നിലയ്ക്കുള്ള കവിതകൾ പോലും മലയാളത്തിൽ അവരെക്കുറിച്ചുണ്ടായി.

കേരളത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ചരിത്രത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട് ഗൗരിയമ്മ. അത്യപൂർവം സ്ത്രീകൾ മാത്രം ഉന്നത വിദ്യാഭ്യാസത്തിനെത്തിയിരുന്ന ഒരു കാലത്ത് നിയമവിദ്യാഭ്യാസം പൂർത്തിയാക്കിയ ഗൗരിയമ്മക്കു വേണമെങ്കിൽ ഔദ്യോഗിക തലത്തിൽ തിളക്കമാർന്ന തലങ്ങളിലേക്കു വളർന്ന് സ്വന്തം ജീവിതം സുരക്ഷിതവും സമ്പന്നവുമാക്കാമായിരുന്നു. എന്നാൽ, ആ വഴിയല്ല തന്റെ വഴിയെന്ന് അവർ തിരിച്ചറിഞ്ഞു. അവർ ജനങ്ങളിലേയ്ക്കിറങ്ങി. ഒളിവിലും തെളിവിലും ഒക്കെയായി അവർ ത്യാഗപൂർവമായി ജീവിച്ചു.

ഒന്നാം കേരള മന്ത്രിസഭയിൽ തന്നെ അംഗമായി അവർ. കേരള കാർഷിക പരിഷ്കരണ നിയമം അടക്കമുള്ള സാമൂഹ്യമാറ്റത്തിന്റെ കൊടുങ്കാറ്റു വിതച്ച ബില്ലുകളുടെ നിയമമാക്കലിൽ ശ്രദ്ധേയമായ പങ്കാണവർ വഹിച്ചത്. രണ്ടാം ഇ എം എസ് മന്ത്രിസഭയിലും ഒന്നും രണ്ടും നായനാർ മന്ത്രിസഭകളിലും അവർ ശ്രദ്ധേയമായ സാന്നിധ്യമായിരുന്നു.

അസാമാന്യ ദൈർഘ്യമുള്ള നിയമസഭാ സാമാജിക ജീവിതമാണ് ഗൗരിയമ്മയുടേത്. 1952-53, 1954-56 ഘട്ടങ്ങളിലെ തിരു-കൊച്ചി നിയമസഭകളിലും കേരള രൂപീകരണത്തോടെ അഞ്ചാമത്തേതൊഴികെ ഒന്നു മുതൽ പതിനൊന്നു വരെയുള്ള നിയമസഭകളിലും അവർ അംഗമായി. മന്ത്രിസഭയിലാകട്ടെ, റവന്യൂ, വ്യവസായം, കൃഷി, എക്സൈസ്, ഭക്ഷ്യം തുടങ്ങിയ വകുപ്പുകളിലൊക്കെ മൗലികമായ പരിഷ്കാരങ്ങൾ വരുത്താനും തനതായ പദ്ധതികൾ ആവിഷ്കരിക്കാനും അവർ ശ്രദ്ധിച്ചു.

പി കൃഷ്ണപിള്ള, ഇ എം എസ്, എ കെ ജി തുടങ്ങിയ ഒന്നാം തലമുറ കമ്യൂണിസ്റ്റ് നേതാക്കൾക്കൊപ്പം നിന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് ഗൗരിയമ്മയ്ക്ക്. ആ നിലയ്ക്കു കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ വലിയ സംഭാവനയാണ് അവർക്കൊപ്പം നിന്നു ഗൗരിയമ്മ നൽകിയത്.

സ്ത്രീക്ക് സ്വന്തം മുഖവും വ്യക്തിത്വവുമുണ്ട് എന്ന് കേരള സമൂഹത്തിൽ പൊരുതി സ്ഥാപിച്ച വ്യക്തിയാണു ഗൗരിയമ്മ. അതിന് അവർക്ക് അക്കാലത്ത് ശക്തിപകർന്നതു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ്.

അസാധാരണമായ ത്യാഗവും ധീരതയും നിറഞ്ഞ ജീവിതമാണു ഗൗരിയമ്മ നയിച്ചത്. അതാകട്ടെ, ഈ സമൂഹത്തെ പുരോഗമനോന്മുഖവും മനുഷ്യോചിതവുമായി മാറ്റിയെടുക്കുന്നതിനു വേണ്ടിയായിരുന്നു. അവരുടെ വിയോഗ വേളയിൽ സമൂഹത്തെ ഇനിയും പുരോഗമനപരമായി മുമ്പോട്ടുകൊണ്ടുപോവാനുള്ള നവോത്ഥാന രാഷ്ട്രീയ നീക്കങ്ങളെ ശക്തിപ്പെടുത്തി മുന്നേറുമെന്ന് പ്രതിജ്ഞ ചെയ്യുക. അതാവട്ടെ, ഗൗരിയമ്മയ്ക്കുള്ള ആദരാഞ്ജലി! ■

ഡോ.എ.സമ്പത്ത്

ഐക്യ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനു ശേഷം അഞ്ചു ഗവൺമെന്റുകളിലായി റവന്യൂ, വിജിലൻസ്, വ്യവസായം, കൃഷി, ഭക്ഷ്യം, എക്സൈസ്, സാമൂഹ്യക്ഷേമം, ദേവസ്വം, മൃഗസംരക്ഷണം മുതലായ വകുപ്പുകൾ പ്രാഗത്ഭ്യത്തോടെ കൈകാര്യം ചെയ്ത കെ.ആർ.ഗൗരി എന്ന പേര് പരാമർശിക്കുമ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഗൗരി' എന്ന കവിത അന്വർഥമാകുകയാണ്.

'കരയാത്ത ഗൗരി, തളരാത്ത ഗൗരി,
കലികൊണ്ടു നിന്നാൽ അവൾ ഭദ്രകാളി
ഇത് കേട്ടുകൊണ്ടേ ചെറുബാല്യമെല്ലാം
പതിവായി ഞങ്ങൾ, ഭയംമാറ്റി വന്നു'

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം (16,832 ദിവസം) നിയമസഭാംഗമായി, ഏറ്റവും കൂടുതൽ കാലം മന്ത്രിയായ വനിത എന്നീ റെക്കോർഡുകളുടെ ഉടമ നമ്മെ വിട്ടുപിരിഞ്ഞതോടെ ആദ്യ കേരള മന്ത്രിസഭയിലെ അവസാനത്തെ കണ്ണിയും നമ്മോട് വിടപറഞ്ഞിരിക്കുന്നു.

പാട്ട് ഇഷ്ടമായിരുന്ന ഗൗരിയമ്മ വല്ലപ്പോഴുമൊക്കെ പാടുമായിരുന്നുവെന്ന് കേട്ടിട്ടുണ്ടെങ്കിലും ഒരിക്കലും ആ നാവിൽ നിന്ന് പരുക്കൻ ശബ്ദമല്ലാതെ ഇമ്പമാർന്ന മലയാളം ഞാൻ കേട്ടിട്ടില്ല. പാട്ടുകാരിയായ അവരുടെ മൂത്ത ചേച്ചി നാരായണി, വിപ്ലവ ഗായിക ഇ.കെ.മേദിനിയും അനസൂയയുമുൾപ്പെടെയുള്ളവരുടെ സംഗീത സൗഹൃദമായിരിക്കാം പുറമേ പരുക്കനെന്ന് തോന്നിപ്പിച്ചിരുന്ന ഗൗരിയമ്മ സംഗീതത്തിന്റെ ആരാധികയാകാൻ കാരണം. ചങ്ങമ്പുഴ മഹാരാജാസിലെ സഹപാഠി ആയിരുന്നുവെന്നതും കാരണമാകാം. അവരുടെ നാട്ടുകാരായ പ്രായക്കുറവുള്ളവർ 'കുഞ്ഞമ്മ'എന്നാണല്ലോ അഭിസംബോധന ചെയ്തിരുന്നത്. 'നിങ്ങളുടെ പൊലീസുദ്യോഗസ്ഥരുടെ കൈയ്യിലുള്ള ലാത്തികൾക്ക് കുട്ടികളെയുണ്ടാക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ ഞാൻ ലാത്തിക്കുഞ്ഞുങ്ങളെ പ്രസവിക്കുമായിരുന്നു' എന്ന വാക്കുകൾ പതിറ്റാണ്ടുകൾക്കു ശേഷം അവരുടെ 101-ാമത് ജന്മദിനത്തിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ പറഞ്ഞ ഈ വാക്കുകളുമായി കൂട്ടിച്ചേർക്കുക. 'ശ്വാസം ഉള്ളിടത്തോളം കാലം സ്ത്രീയെ അപമാനിക്കുന്നതിനെതിരെ അണിനിരക്കും'.

'ഗൗരിയക്കൻ' എന്നാണ് എന്റെ പിതാവ് കെ.അനിരുദ്ധനും മാതാവ് കെ.സുധർമ്മയും കെ.ആർ.ഗൗരിയമ്മയെ അഭിസംബോധന ചെയ്തിരുന്നത്. അച്ഛനും അമ്മയും വിദ്യാഭ്യാസ കാലത്തു തന്നെ അടുത്തു പരിചയപ്പെട്ട വ്യക്തിത്വമായിരുന്നു ഗൗരിയമ്മ. സ്റ്റുഡന്റ്സ് ഫെഡറേഷന്റെ നേതാവെന്ന നിലയിലാണ് എന്റെ അച്ഛൻ ഗൗരിയമ്മയെ പരിചയപ്പെടുന്നതും ആരാധകനായി മാറുന്നതും. പിന്നീട് അതൊരു ജ്യേഷ്ഠത്തിയും അനുജനും എന്നതു പോലെ വളർന്നു. രാഷ്ട്രീയമായി പിൽക്കാലത്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായപ്പോഴും 'എടോ അനിരുദ്ധാ' എന്ന വിളി കേൾക്കുമ്പോൾ ആ

 

# ഗൗരിയമ്മയെന്ന യുഗവനിത

കണ്ണുകളിലെ തിളക്കം ഞങ്ങളറിഞ്ഞിരുന്നു.

എന്റെ അമ്മ 1948ൽ കൊല്ലത്ത് ശ്രീനാരായണ കോളേജ് ആരംഭിച്ചപ്പോൾ ആദ്യമായി നിയമന ഉത്തരവ് കിട്ടിയ ഒരു ലക്ചറർ ആയിരുന്നു. 1951 മുതൽ മൂന്നുവർഷക്കാലം അവർ കോളേജ് വനിതാ ഹോസ്റ്റലിന്റെ വാർഡനായിരുന്നു. നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർഥി സംഘടനയുടെ മെമ്പർഷിപ്പ് പല പെൺകുട്ടികൾക്കും രഹസ്യമായി വിതരണം ചെയ്യാൻ ഗൗരിയമ്മ അവിടെ എത്തുമായിരുന്നു.

വളരെ ചെറിയ കുട്ടിയായിരിക്കുമ്പോഴാണ് ഞാൻ 'ഗൗരിയമ്മച്ചി'യെ പരിചയപ്പെടുന്നത്. എക്കാലവും ഞാനവരെ അമ്മച്ചി എന്നുമാത്രമാണ് വിളിച്ചിട്ടുള്ളതും. 1967 ലെ സർക്കാരിനെ കുറിച്ച് ബാഫഖി തങ്ങൾ ഇങ്ങനെ പറഞ്ഞുവത്രേ 'ഈ മന്ത്രിസഭയിൽ ഒരു പുരുഷനേയുള്ളു; അത് ഗൗരിയമ്മയാണ്'. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സിപിഐ(എം)ലും ഏതാണ്ട് എല്ലാവരും ആ നേതാവിനെ ഒരു വനിതയായിട്ടല്ല കണ്ടിരുന്നത്. പുരുഷനായിട്ടായിരുന്നു. (പുരുഷനു തുല്യം എന്നല്ല, പൗരുഷത്തിന്റെ ആൾരൂപം തന്നെ!).

ഇന്ത്യൻ സ്ത്രീത്വത്തിന്റെ ധീരതയും തന്റേടവും, ധിഷണാശക്തിയും വാത്സല്യവും ഗൗരിയമ്മച്ചിയിൽ എന്നും പ്രകടമായിരുന്നു. 1957ലെ പ്രഥമ ഇ.എം.എസ് മന്ത്രിസഭ മുതലുള്ള കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക ചരിത്രം രൂപപ്പെടുത്തുന്നതിൽ കെ.ആർ.ഗൗരി എന്ന മഹതിയ്ക്കുള്ള സ്ഥാനം അദ്വിതീയമാണ്. നാം ജീവിക്കുന്ന, പുരുഷമേധാവിത്വം നിറഞ്ഞ ഒരു ലോകത്ത് ഇങ്ങനെയുള്ള അസാധാരണ വ്യക്തിത്വങ്ങൾ അത്ഭുതങ്ങളല്ല, ഇതിഹാസങ്ങളാണ്. അവർ കാലത്തോടും ചരിത്രത്തോടും കലഹിച്ചിട്ടുണ്ടാകാം; പക്ഷേ അവരില്ലാതെ കാലവും ചരിത്രവുമില്ല തന്നെ!

എറണാകുളം മഹാരാജാസ് കോളേജിലെ തന്റെ വിദ്യാർഥി ജീവിതകാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ആഭിമുഖ്യം തോന്നി സമരങ്ങളുടെ അഗ്നിനാമ്പുകൾ തന്റെ ജീവിതത്തിന്റെ ഉടയാടകൾ പോലെയാക്കിയ, താരതമ്യേന സമ്പന്നമായ ഒരു കുടുംബത്തിലെ പെൺകുട്ടി. ഇന്നത്തെ കാലത്ത് ചിന്തിക്കാൻ



**ആദ്യ മന്ത്രിസഭാംഗങ്ങൾക്കൊപ്പം ഗൗരിയമ്മ**

കഴിയുന്നതിനുമപ്പുറമാണ് അന്ന് അവർ അനുഭവിക്കേണ്ടി വന്ന യാതനകളും വേട്ടയാടലുകളും മർദ്ദനങ്ങളും ഒളിവുജീവിതവും കാരാഗൃഹ വാസവുമൊക്കെ. സെന്റ് തെരേസാസ് കോളേജിലെ ഹോസ്റ്റലിൽ നിന്ന് സസ്‌പെൻഡ് ചെയ്തത് രാജവാഴ്ചയ്ക്കെതിരെ പ്രസംഗിക്കാൻ പോയതിനാണ്. തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ നിന്ന് നിയമബിരുദം നേടി പുറത്തുവന്നതും മറ്റൊരു ചരിത്രം. തിരുവിതാംകൂറിൽ ആദ്യമായി ബിഎൽ പാസ്സായ ഈഴവ പെൺകുട്ടി താനായിരുന്നുവെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ ഗോൾഡ് മെഡൽ വിന്നറായും. അഭിഭാഷകയായും, തിരു-കൊച്ചി നിയമസഭാംഗമായും പിന്നീട് കേരള നിയമസഭാംഗമായും മന്ത്രിയായും, കർഷക സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായും, നിരവധി തൊഴിലാളി സംഘടനകളുടെ നേതാവായും ആ ബഹുമുഖ വ്യക്തിത്വം നമ്മളിൽ നിറഞ്ഞു നിൽക്കുന്നത് പോരാട്ടവീറിന്റെ പെൺരൂപമായിട്ടാണ്. ആദ്യമായി ജയിലിലടയ്ക്കപ്പെടുന്നത് മുപ്പത് വയസ്സിനു മുമ്പാണ്.

ടി.വി.തോമസും ഗൗരിയമ്മയും മന്ത്രിമാരായിരിക്കെ താമസിച്ചിരുന്നത് വഴുതക്കാട് ഞങ്ങളുടെ വീടിനടുത്തുള്ള സാനഡുവിലും റോസ് ഹൗസിലും ആയിരുന്നു (1967). ‘സുധർമ്മാ, നീ ഇടയ്ക്കിടെ ഇങ്ങോട്ട് വരണേ’ ഇതായിരുന്നു എന്റെ അമ്മയോട് അവരുടെ ആവശ്യം. എന്നാൽ അപൂർവ്വമായി മാത്രമാണ് അങ്ങോട്ട് ചെന്നിരുന്നതും- അതിന് ഗൗരിയമ്മച്ചിയുടെ പരിഭവവും. സാനഡുവിലെ മന്ത്രിമന്ദിരത്തിലെ സന്ദർശകർക്കിടയിൽ നിന്ന് ഗൗരിയമ്മച്ചി എന്നെ കാണുമ്പോൾ പറയുമായിരുന്നത് ‘നീ പോയി ഇന്നത്തെ പത്രം എടുത്തുകൊണ്ട് വാ’ എന്നായിരുന്നു. പുതിയ പത്രത്തിന്റെ തലക്കെട്ട് പോലും വായിക്കാനറിയാത്ത ഞാൻ പത്രത്തിന്റെ അരിക് മൂക്കിനോട് ചേർത്ത് പിടിച്ച് മണപ്പിച്ചാണ് അന്നത്തെ പത്രം കണ്ടെത്തിയിരുന്നത്. അതിന് ഗൗരിയമ്മച്ചിയുടെ കമന്റ് ഇങ്ങനെയായിരുന്നു ‘നീ പോലീസ് പട്ടികളെ തോൽപിച്ച് കളയുമല്ലോടാ’. തുടർന്ന് അവരുടെ പൊട്ടിച്ചിരി! അടുത്തറിയാവുന്നവർക്ക് ഒരു കാര്യം ഉറപ്പുണ്ട്: ഗൗരിയമ്മ ദേഷ്യപ്പെട്ടാൽ ആ കാര്യം അവർ നടത്തിത്തരും. ക്ഷിപ്രകോപിയായ അമ്മ, മനസ്സിൽ സ്നേഹവാത്സല്യങ്ങൾ ഒളിപ്പിച്ചു വെച്ച അമ്മ.

ഒരു കാലത്ത് സമരമുഖങ്ങളിൽ പുരുഷന്മാരോടൊപ്പം കാക്കിപ്പടയുടെ തേരോട്ടത്തെ ധീരമായി ചെറുക്കാൻ മുൻനിരയിൽ അവരുണ്ടായിരുന്നു. ലാത്തിയും തോക്കും ബയണറ്റുമെല്ലാം അവരുടെ മുന്നിൽ ഒന്നുമല്ലായിരുന്നു. നിശ്ചയദാർഢ്യം തുളുമ്പുന്ന തുറിച്ചു നോട്ടവും ആജ്ഞാശക്തിയുള്ള വാക്കുകളും. എക്കാലത്തും അശരണർക്കും സ്ത്രീകൾക്കും എപ്പോഴും ആശ്രയമായി അവർ നിലകൊണ്ടു. എ.കെ.ജി, ഇ.എം.എസ്, ഇ.കെ.നായനാർ തുടങ്ങിയ നേതാക്കളുടെ നിരയിലാണ് മലയാള മനസ്സ് ഗൗരിയമ്മക്ക് സ്ഥാനം നൽകിയത്.

1972, കെ.കരുണാകരൻ ആഭ്യന്തര മന്ത്രിയായിരിക്കുന്ന കാലം. നാട്ടിൽ പട്ടിണി. പ്രക്ഷോഭങ്ങളുടെ തീമഴ. ആറ്റിങ്ങൽ കച്ചേരിനടയിലെ സമരം. ഗൗരിയമ്മ പ്രസംഗിച്ചു കൊണ്ടുനിൽക്കേ ലാത്തിച്ചാർജിന് ഉത്തരവിട്ട ഉദ്യോഗസ്ഥനെ ആജാനുബാഹുവായ അനിരുദ്ധൻ ഉടുപ്പിൽ തൂക്കി പൊക്കിയെടുത്ത സംഭവം പിന്നീട് പല സഖാക്കളും പറഞ്ഞു കേട്ടിട്ടുണ്ട്.

ടി.വി.തോമസും ഗൗരിയമ്മയും രാഷ്ട്രീയ ചരിത്രത്തിലെ ഒരു അത്യപൂർവ അധ്യായമാണ്. ദമ്പതികൾ എതിർചേരികളുടെ നായകരായി വാഴ്ത്തപ്പെട്ടപ്പോഴും ആ രണ്ടു മനുഷ്യരും ഉള്ളിൽ നീറുന്ന നെരിപ്പോടുമായി ജീവിക്കുകയായിരുന്നില്ലേ? അവസാനിക്കാത്ത പോരാട്ടങ്ങളുടെ ചരിത്രങ്ങൾ രചിക്കുന്നവർക്കും വ്യക്തിപരമായ വിഷാദങ്ങളും, സ്വകാര്യ വിലാപങ്ങളും സമ്മാനിക്കുന്ന ഏടുകളെപ്പറ്റി നമുക്ക് മറക്കാതിരിക്കാം.

ഒരു മന്ത്രിയെക്കണ്ട് നിവേദനം നൽകാനായി ഞാൻ ആദ്യമായി സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പടി കയറുന്നത് 1980 ൽ എസ്എഫ്ഐ പ്രവർത്തകനായിരിക്കുമ്പോഴാണ്. അന്നത്തെ ബാലസംഘം സംസ്ഥാന സെക്രട്ടറി പത്മൻ കോഴൂരിനൊപ്പം ഞാനും കൂടി ചെല്ലണമെന്നത് സിപിഐ(എം)ന്റെ തിരുവനന്തപുരം ജില്ലയിലെ ചുമതലക്കാരനായിരുന്ന ജനാർദ്ദനൻ ആശാരിയുടെ നിർദേശമായിരുന്നു. ബാലവേല സമ്പൂർണമായി നിരോധിക്കണം എന്നതായിരുന്നു ആവശ്യം. ഭരണഘടനാ തത്വങ്ങൾക്കെതിരായ കൊടിയ മൗലികാവകാശ ലംഘനമായ ബാലവേല ഇന്നും നടമാടുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് കേരളം അത്ഭുതമായിരിക്കാം. അന്നു നൽകിയ നിവേദനം വായിച്ചു നോക്കിയ ഗൗരിയമ്മ ചില വീടുകളിലെങ്കിലും കഞ്ഞി വയ്ക്കാൻ കഴിയുന്നത് കുട്ടികൾ എന്തെങ്കിലും ജോലികൾ ചെയ്യുന്നത് കൊണ്ടല്ലേ എന്ന പച്ച പരമാർത്ഥം നന്നായി അറിയാവുന്ന ആളുമായിരുന്നു. എന്നാൽ, അപകടകരമായ തൊഴിലുകളിൽ ഏർപ്പെടുന്നതിൽ നിന്ന് അവരെയും കുടുംബത്തെയും സംരക്ഷിക്കുകയും വേണമെന്ന ഉറച്ച നിലപാടുകാരിയുമായിരുന്നു. മറ്റു വീടുകളിലെ വീട്ടു ജോലിക്കും, ഹോട്ടലുകളിലെ എച്ചിലുകൾ നീക്കം ചെയ്യുന്നതിനും, ഓടകളും ശൗചാലയങ്ങളും വൃത്തിയാക്കുന്നതു മുതൽ വർക്ക് ഷോപ്പുകൾ, ലെയ്ത്തുകൾ, ക്വാറികൾ, വെടിമരുന്ന് ശാലകൾ മുതലായ

ഇടങ്ങളിൽ വരെ പ്രായപൂർത്തിയാകാത്തവർ പണിയെടുത്തിരുന്ന അര നൂറ്റാണ്ട് മുമ്പുള്ള കേരളം ഇന്നത്തെ തലമുറയ്ക്ക് ഒരു ചലച്ചിത്ര കഥ പോലെ മാത്രമേ തോന്നുകയുള്ളൂ.

പഴയ എംഎൽഎ ക്വാർട്ടേഴ്സിലെ മൂന്നാം നമ്പർ മുറിയിലെ സ്ഥിരതാമസക്കാരൻ കാട്ടായിക്കോണം വി.ശ്രീധർ (അക്കാലത്ത് അദ്ദേഹം സിപിഐ(എം) ജില്ലാ സെക്രട്ടറി) ആയിരുന്നെങ്കിൽ മന്ത്രി അല്ലാതെ, എംഎൽഎ മാത്രമായിരുന്ന കാലങ്ങളിൽ ഗൗരിയമ്മയുടെ താമസം 10-ാം നമ്പർ മുറിയിലായിരുന്നു. വഴുതക്കാട് 'ഭക്തി വിലാസ്'ത്തിലേക്ക് ആകാശവാണി പറിച്ച് നടുന്നതിനു മുമ്പുള്ള ആ പഴയ ഓടിട്ട കെട്ടിടങ്ങൾ ഇന്നില്ല. നിരവധി കള്ളക്കേസുകളിൽ പ്രതികളാക്കപ്പെട്ട എസ്എഫ്ഐ ക്കാരുടെ അഭയകേന്ദ്രങ്ങളിലൊന്ന് ഗൗരിയമ്മ ആയിരുന്നു. ആദ്യം 'പിള്ളാരെ' വിരട്ടും. അതു കഴിഞ്ഞ് എംഎൽഎ ഹോസ്റ്റലിലെ ക്യാന്റീനിൽ നിന്നും ഭക്ഷണം വരുത്തി അവരെ ഊട്ടും. പിന്നീട് ഉയർന്ന പോലീസുദ്യോഗസ്ഥരെ വിളിച്ച് ശക്തമായ ഭാഷയിൽ ഇടപെടും. പോകാൻ നേരം 'ങാ, വണ്ടിക്കൂലിയ്ക്ക് കാശുണ്ടോ?'- അതും നൽകും. ഗൗരിയമ്മയുടെ മുറിയിൽ ചില്ലറയും മിച്ചം വരുന്ന കാശുമൊക്കെ കൂട്ടിയിടുന്ന ഒരു അരിവട്ടിയുണ്ടായിരുന്നു; മഹാഭാരത കഥയിലെ ദ്രൗപദിയുടെ അക്ഷയ പാത്രം പോലെ. ആവശ്യക്കാരായെത്തുന്ന 'അതിഥി'കൾക്കു മുന്നിൽ ഒരിക്കലും കാലിയാകാത്ത അന്നദാതാവ്.





## 1982-87, 91-94 കാലത്തെ ഓർമ്മകൾ

ഏത് സർക്കാർ അധികാരത്തിൽ വന്നാലും യഥാർഥ അധികാരത്തിന്റെ 'കൈകാര്യക്കാർ' ഉദ്യോഗസ്ഥ വൃന്ദത്തിന്റെ തലപ്പത്തുള്ള സിവിൽ സർവീസിലെ ചില പ്രമാണിമാരായിരിക്കും. എന്നാൽ ബ്യൂറോക്രസിയുടെ വളവുതിരിവുകൾ നിറഞ്ഞ രാവണൻ കോട്ടയിലെ തടവുകാരിയാകാതെ അവർക്കും മുകളിലാണ് ജനഹിതം എന്ന് കരുത്തുകാട്ടിയ ആ ഭരണാധികാരിയിൽ നിന്ന് ഒരുപാട് പഠിക്കാനുണ്ട്. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ' എന്നു വിരൽ ചൂണ്ടിപ്പറയുന്ന മഹാകവി കുമാരനാശാന്റെ പ്രതിമ അതിനു സാക്ഷി. ആ പ്രതിമ സ്ഥാപിക്കാനായി തലസ്ഥാനത്ത് അല്പം സ്ഥലം തേടി അഹോരാത്രം അലഞ്ഞ പ്രൊഫ:ജോസഫ് മുണ്ടശ്ശേരിയ്ക്കു നന്ദി.

കുട്ടിക്കാലം മുതലേ കൃഷ്ണഭക്തയായിരുന്നെങ്കിലും അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും ഗൗരിയമ്മ ഒരിക്കലും പൊരുത്തപ്പെട്ടിരുന്നില്ല. ശ്രീനാരായണ ഗുരുവും മഹാകവി കുമാരനാശാനും സന്ദർശിച്ചിട്ടുള്ള കർഷക പ്രമാണിയായ, കളത്തിൽ പറമ്പിൽ രാമന്റെ വീട്ടിൽ ജനിച്ചു വളർന്ന ആ പെൺകുട്ടിക്ക് സമൂഹത്തിലെ ദുർഗന്ധം വമിപ്പിക്കുന്ന അനീതികളുടെ മാറാലകൾക്കെതിരെ കരളുറപ്പോടെ, ധീരതയോടെ, നിലപാടുകൾ കൈക്കൊള്ളാൻ കഴിഞ്ഞതോടെ ഒരു നൂറ്റാണ്ടിന്റെ പെൺകരുത്തിന്റെ ചരിത്രമായി മാറുകയായിരുന്നു. ഗൗരിയമ്മ എന്ന രാഷ്ട്രീയ നേതാവിന് പക്ഷേ, സംഘടനാപരമായ പക്വതയാർന്ന അച്ചടക്കം പലപ്പോഴും വ്യക്തിനിഷ്ഠ ശീലങ്ങളിലേക്കും ആത്മനിഷ്ഠ നിലപാടുകളിലേക്കും കീഴ്പ്പെട്ടു പോയോയെന്ന് രാഷ്ട്രീയ വിദ്യാർഥികളാണ് വിലയിരുത്തേണ്ടത്.

കേരളത്തിന്റെ ഇതിഹാസ വനിത,സ്മരണകളിരമ്പുന്ന ആലപ്പുഴയിലെ വലിയ ചുടുകാട്ടിൽ അഗ്നിനാളങ്ങളിൽ അലിഞ്ഞു ചേരുമ്പോൾ അറിയുക, ഒരു യുഗം അവസാനിക്കുകയാണ്; ഒരു നൂറ്റാണ്ടിന്റെ സാക്ഷി.

'നമ്മളോർക്കുക, നമ്മളെങ്ങനെ നമ്മളായെന്ന്' ഗൗരിയമ്മ പൊതുജീവിതത്തിലേയ്ക്ക് കടന്നു വരുന്ന കാലം എന്നത് ജന്മിത്വത്തിന്റെയും, രാജവാഴ്ച്ചയുടേയും (ഫലത്തിൽ) ദിവാൻ ഭരണത്തിന്റെയും അയിത്തമുൾപ്പെടെയുള്ള സാമൂഹ്യ അനാചാരങ്ങളുടെ അവശിഷ്ടങ്ങളിൽ സമൂഹം അഭിരമിക്കുകയും സ്ത്രീയുടെ സ്വാതന്ത്ര്യം 'ന:സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന സാർവത്രികമായ ചിന്ത അസ്തമിച്ചിട്ടില്ലാത്ത കാലത്തുമാണ്. ഗൗരിയമ്മയുടെ തന്നെ വാക്കുകൾ, 'സ്ത്രീയെന്ന പരിമിതി എനിക്ക് ഒരിക്കലുമുണ്ടായില്ല. പെണ്ണാണെന്ന അപകർഷതാ ബോധത്തോടെയല്ല എന്നെ വളർത്തിയത്'. കോൺഗ്രസ്സുകാരും ചില നാട്ടുകാരും പിറകേ നടന്ന് കൂവുകയും അസഭ്യം പറയുകയും ചെയ്തിട്ടുണ്ട്. പെണ്ണായാൽ അമ്മ, സഹോദരി, ഭാര്യ എന്നതിനപ്പുറമുള്ള മറ്റൊന്നും അംഗീകരിക്കാൻ സമൂഹം തയ്യാറാകില്ല. അതു മനസ്സിലാക്കാൻ പ്രവർത്തകരായ സ്ത്രീകൾക്കു കഴിയണം. പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീകളെ പിന്തിരിപ്പിക്കാൻ ആവതെല്ലാം ചെയ്യും. അതിനെ വെല്ലുവിളിക്കുകയാണ് പ്രവർത്തക ആകുന്നതിലൂടെ സ്ത്രീ ചെയ്യുന്നത്. വിമർശനങ്ങളിൽ പതറരുത്. കൂവുന്നവർ പതുക്കെ



എന്തെന്ത് പ്രശ്നങ്ങളായിരുന്നു? ഭരണപരിചയമില്ലാത്ത എനിക്ക് ആദ്യമൊക്കെ ഫയൽ നോക്കാൻ അറിയില്ല. സാങ്കേതികത്വത്തേക്കാൾ, അതിൽ നരകിക്കുന്ന മനുഷ്യരുടെ ദുരിതമാണല്ലോ പ്രധാനം. ആ ദുരിതവും വേദനയും കഷ്ടപ്പാടും എന്തെന്ന് അറിയുകയും പരിഹാരം തേടാനുള്ള തീവ്രസമരത്തിൽ പങ്കെടുക്കുകയും ചെയ്ത എനിക്ക് പിന്നെ ഫയൽ പഠിക്കാൻ പ്രയാസം തോന്നിയില്ല. രാജവാഴ്ച്ചക്കും ജന്മിത്വത്തിനും ഏല്പിച്ച പ്രഹരമായിരുന്നു ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസ്.

## എന്റെ ജീവിതത്തിലെ അവിസ്മരണീയ ദിനം.

ഒരു ശിവഗിരി തീർത്ഥാടന സമ്മേളനത്തിലാണ് ഞാൻ ഗൗരിയമ്മച്ചിയോടൊപ്പം അവസാനമായി പൊതുവേദി പങ്കിട്ടത്. വളരെ കുറച്ചു വാക്കുകളിൽ മാത്രം കുശലാന്വേഷണം നടത്തിയിരുന്ന അവർക്ക് സ്നേഹം പ്രകടിപ്പിക്കുവാൻ അറിയുമായിരുന്നോ എന്നുപോലും പലർക്കും സംശയമായിരുന്നു.

കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടേയും ആദ്യത്തെ ടെക്നോപാർക്ക് കഴക്കൂട്ടത്ത് യാഥാർഥ്യമാക്കുന്നതിൽ 1987-91 ലെ നായനാർ മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന ഗൗരിയമ്മക്കുള്ള പങ്കും ഇച്ഛാശക്തിയും അവിതർക്കിതമാണ്. മനുഷ്യന് മണ്ണിലുള്ള അവകാശം ഊട്ടിയുറപ്പിച്ച് രാജ്യത്തിന് മാതൃക കാട്ടിയ അതേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തന്നെയാണ് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പുത്തൻ തൊഴിലവസരങ്ങളുടെ സൃഷ്ടികൾക്കായി പന്ഥാവ് തെളിച്ചത്.

നവോത്ഥാന മൂല്യങ്ങൾ കൊളുത്തിയ സുഗന്ധം പരത്തുന്ന പ്രകാശ ഗോപുരമായി അവർ ഉയർന്നു വരുമ്പോഴും ചില കോണുകളിൽ നിന്നെങ്കിലും പൂരപ്പാട്ടിനെ വെല്ലുന്ന, കേട്ടാലറക്കുന്ന പച്ചത്തെറികൾ മുദ്രാവാക്യ രൂപേണ ഉയർന്നു വന്നതും അച്ചടിച്ച് പ്രചരിപ്പിച്ചതും ഈ വേളയിൽ ഓർമ്മയിലേക്കു കടന്നുവരുന്നുവെങ്കിൽപോലും'ഗൗരിയമ്മച്ചി'യെ 'ഗൗരിയക്ക'ൻ എന്നു മാത്രം വിളിച്ചിരുന്ന എന്റെ മാതാപിതാക്കളോടുള്ള ബഹുമാന സൂചകമായി ഞാനിവിടെ അത് ഒഴിവാക്കുന്നു; പൊറുക്കാം മനുഷ്യനെപ്പോലെ. പക്ഷേ, മറക്കരുത്.

അവസാനിപ്പിക്കും.'

1948 ലെ ആദ്യത്തെ (പരാജയപ്പെട്ട) തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ (തിരു-കൊച്ചി നിയമസഭയിലേയ്ക്ക് ചേർത്തല ദ്വയാംഗ മണ്ഡലത്തിൽ നിന്നും) കമ്മിറ്റി സെക്രട്ടറി സാക്ഷാൽ പി.കൃഷ്ണപിള്ളയായിരുന്നു. ഗൗരിയമ്മക്ക് പാർട്ടി മെമ്പർഷിപ്പ് നൽകിയതും അദ്ദേഹമായിരുന്നു. പി.കൃഷ്ണപിള്ളയും ഭാര്യ തങ്കമ്മയും കെ.ആർ.ഗൗരിയെന്ന വനിതയുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പ്രതീകങ്ങളായിരുന്നു. തിരുവനന്തപുരം ഗവ.ലാ കോളേജിൽ നിന്നും നിയമബിരുദം നേടിയ ശേഷം അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്ന കാലത്ത് അവരുടെ വീട് പാർട്ടി ആഫീസ് പോലെയായിരുന്നു. പി. കൃഷ്ണപിള്ള, സി.ജി. സദാശിവൻ, പി.കെ. വിശ്വനാഥൻ മുതലായവർ ആ ഭവനത്തിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർ വെച്ചു നീട്ടിയ മജിസ്ട്രേറ്റ് പദവി നിരസിച്ചു കൊണ്ട്- അക്കാലത്തെ അധികാര ഗർവും, സുഖശീതളിമയുടെ സുരക്ഷിതത്വവും തട്ടിത്തെറിപ്പിച്ച അതേ പാദങ്ങൾ നടന്നു കയറിയത് രാഷ്ട്രീയത്തിന്റെ കനൽ വഴികളിലേക്കും, അഗ്നിപർവ്വത ലാവകളിലേക്കുമായിരുന്നു.

പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രി യായിരിക്കുന്ന വേളയിൽ പകർച്ചവ്യാധികൾ പടർന്നു പിടിച്ചപ്പോൾ തിരു-കൊച്ചി നിയമസഭയിൽ കെ.ആർ.ഗൗരിയമ്മ നടത്തിയ അർഥഗർഭമായ പ്രസംഗം, ഇന്നത്തെ ഗവൺമെന്റ് കോവിഡ്-19 മഹാമാരിയുടെ കാലത്ത് അനുവർത്തിക്കുന്ന നടപടികൾ ആ അമ്മയുടെ വാക്കുകളുടെ അർഥമുൾക്കൊള്ളാൻ ഒരു ചരിത്ര നിയോഗം പോലെ വീണ്ടും ഉറപ്പോടെ കടന്നുവന്ന കാലത്താണ് ദേഹവിയോഗം എന്നതും 'മരണം എന്ന കോമാളി'യുടെ യാദൃശ്ചികതയുമാവാം. ('രോഗമുള്ള വീട്ടിലെ ആളുകളെ വീട്ടിൽ തന്നെയിരുത്തുക, അവർക്കും മിഡ് വൈഫുമാർക്കും സർക്കാർ തന്നെ അരി കൊടുക്കുക').

1957 ഏപ്രിൽ 5 ന് അധികാരമേറ്റ ഇ.എം.എസ്. മന്ത്രിസഭയിലെ മന്ത്രിയെന്ന നിലയിൽ അവർ തന്നെ ഇങ്ങനെ പറയുകയുണ്ടായി, സ്വാതന്ത്ര്യം കിട്ടിയ പത്താം കൊല്ലം അധികാരമേറ്റ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക്

## ഗൗരി- കെ.ആർ.ഗൗരി- ഗൗരിയമ്മ

കേരളത്തിന്റെ വരുംകാല തലമുറകൾക്കും ഈ നാടിന്റെ രാഷ്ട്രീയ സാമൂഹ്യചരിത്രം പഠിക്കുന്ന ലോകത്തിലെ ഏതൊരാൾക്കും എക്കാലവും അത്ഭുതമായിരിക്കും, ഇങ്ങനെ ഒരു അമ്മയുണ്ടായിരുന്നുവെന്ന്. വരാനിരിക്കുന്ന കാലത്തിന്റെ പിറക്കാനിരിക്കുന്ന മക്കളും പഠിക്കുമ്പോൾ അറിയുക, മലയാളക്കരയുടെ മഹത്വമാണ് ഗൗരിയമ്മ എന്നായിരിക്കും. വിശ്വപ്രസിദ്ധ റഷ്യൻ നോവലായ 'ഉരുക്ക് എങ്ങനെ കട്ടിയാക്കപ്പെട്ടു' (നിക്കോളായി ഒസ്ട്രോവ്സ്കി) റഷ്യൻ വിപ്ലവകാലത്തെ ഒരു പുരുഷന്റെ ആത്മകഥാംശം കലർന്ന കൃതിയാണെങ്കിൽ, കെ.ആർ.ഗൗരിയമ്മയുടെ ആത്മകഥ ജീവിതം തന്നെ സമരമാക്കിയ ഒരു യുഗവനിതയുടെ ആത്മകഥയാണ്. ■








Printed and Published by S. Harikishore IAS.Director, Information Public Relations Department on behalf of Government of Kerala and Printed at Orange Press Pvt. Ltd., Thiruvananthapuram, Kerala. Chief Editor: S. Harikishore IAS.